അക്ഷരം ആത്മരക്ഷയ്ക്ക്

# ദി സോൾ വിന്നർ

VOL 13 • ISSUE 3

THE SOUL WINNER • FULFILLING THE GREAT COMMISSION

NOV 2024

## പാസ്റ്റർ ബേബി കടമ്പനാട് നിത്യതയിൽ



**ലണ്ടൻ:** ഐപിസി. ജനറൽ കൗൺസിൽ അംഗവും ഹോളിട്രിനിറ്റി മിനിസ്ട്രിയുടെ ഡയറക്ടറുമായ പാസ്റ്റർ ബേബി കടമ്പനാട് നിത്യതയിൽ പ്രവേശിച്ചു. 70 വയസായിരുന്നു. സംസ്കാരം പിന്നീട്. യുകെ സന്ദർശനത്തിനിടയിൽ ശാരീരിക ക്ഷീണത്തെ തുടർന്ന് ലണ്ടനിലെ ബാസില്ഡൺ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ചെറിയാൻ കെ.വർക്കി യുടെ മകനായി 1954– ൽ ജനിച്ച ഇദ്ദേഹം ദൈവവചന പഠനാനന്തരം അലഹബാദ്, ഷാർജ, കൈപ്പട്ടൂർ, ചന്ദനപ്പള്ളി, നരിയാപുരം, ഇടക്കാട്, കിളിവയൽ, മാലാപറമ്പ് തുടങ്ങി നിരവധി സഭകളിൽ ഐ.പി.സി യുടെ ശുശ്രൂഷകനായി സേവനമനുഷ്ഠിച്ചു. സ്വന്തമായി ആരംഭിച്ച ഹോളി ട്രിനിറ്റി മിനിസ്ട്രിയുടെ ഭാഗമായി ജീവകാരുണ്യ പ്രവർത്തനങ്ങളും സുവിശേഷീകരണ പദ്ധ തികളും നടത്തിയിരുന്നു.

ട്രിനിറ്റി ഹെറാൾഡ് എന്ന മാസികയുടെ പബ്ലീഷർ, ഐ.പി.സി. വെൽഫെയർ ബോർഡ് ചെയർമാൻ, പി.സി.ഐ. കടമ്പനാട് യൂണിറ്റ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചു. നേരത്തെ പി. വൈ.പി.എ.യിലും സൺഡേസ്കൂളിലും സോണൽതല എക്സിക്യൂട്ടീവ് സ്ഥാനങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ പൊന്നമ്മ, മക്കൾ: ഫിന്നി, ഫെബി.

## അമേരിക്കൻ പ്രസിഡന്റായി വീണ്ടും ട്രംപ്



**വാഷിംഗ്ടൺ:** യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വിജയമുറപ്പിച്ച് മുൻ പ്രസിഡന്റും റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയുമായ ഡൊണാൾഡ് ട്രംപ്. കേവലഭൂരിപക്ഷമായ 270 ഇലക്ട്രറൽ കോളേജ് എന്ന മാന്ത്രിക സംഖ്യ ട്രംപ് തൊട്ടു. ഡൊണാൾഡ് ട്രംപ് 23 സംസ്ഥാനങ്ങളിലും കമല ഹാരിസ് 11 ലും വിജയിച്ചു. വിജയിയെ നിർണ്ണയിക്കുന്ന ഇലക്ടറൽ കോളജ് നമ്പറുകളിൽ ട്രംപ് 270 എണ്ണത്തിൽ മുന്നിട്ട് നിൽക്കുന്നു. നോർത്ത് കരോലിനയിലും ജോർജിയയിലും നേടിയ നിർണായക വിജയങ്ങളാണ് ട്രംപിന് കരുത്തായത്. രണ്ട് ഡെമോക്രാറ്റിക് സീറ്റുകൾ അട്ടിമറിച്ച് റിപ്പബ്ലിക്കൻ പാർട്ടി സെനറ്റിന്റെ നിയന്ത്രണം തിരിച്ചുപിടിച്ചു. ഇത് ട്രംപിന്റെ രാഷ്ട്രീയ ശക്തി കൂടി തെളിയിക്കുന്നതാണ്. ഡെമോക്രാറ്റുകൾ ശക്തമായ അടിത്തറ ഉറപ്പിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന പ്രധാന പ്രദേശങ്ങളിൽ കമല ഹാരിസ് മോശം പ്രകടനമാണ് നടത്തുന്നത്. ജെഡി വാൻസ് വൈസ് പ്രസിഡന്റ് ആകുന്നതോടെ അമേരിക്കയുടെ സെക്കന്റ് ലേഡിയായി ഉഷ വാൻസ് മാറും. ഈ സ്ഥാനത്തെത്തുന്ന ആദ്യത്തെ ഇന്ത്യൻ വംശജ കൂടിയാണിവർ. ഇതോടെ ആരാണ് ഉഷ വാൻസ് എന്ന ചോദ്യങ്ങളുയരുകയാണ്. നിയുക്ത വൈസ് പ്രസിഡന്റ് ജെ.ഡി വാൻസിന്റെ ഭാര്യയായ ഉഷ ചിലുകുറി വാൻസിന്റെ മാതാപിതാക്കൾ യുഎസിലേക്ക് കുടിയേറിയവരാണ്. ഇതോടെ അമേരിക്കയിലെ പ്രഥമ ഇന്ത്യൻ വംശജയായി ഉഷ ചരിത്രം എഴുതും. ഇന്ത്യ–അമേരിക്ക ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിൽ ഉഷ വാൻസിന് നിർണായക പങ്കുവഹിക്കാനാകുമെന്ന് ട്രംപിന്റെ കുടുംബ സുഹൃത്തായ എഐ മേസണും സൂചിപ്പിച്ചിരുന്നു. ''നിയമ വിദ്ഗധയായ ഉഷയുടെ മാതാപിതാക്കൾ ഇന്ത്യൻ വംശജരാണ്. ഇന്ത്യൻ സംസ്കാരത്തെപ്പറ്റിയും സവിശേഷതകളെപ്പറ്റിയും ഉഷയ്ക്ക് കൃത്യമായ ധാരണയുണ്ട്. ഇന്ത്യ–യുഎസ് ബന്ധം ശക്തിപ്പെടുത്താനാവശ്യമായ മാർഗനിർദേശങ്ങൾ തന്റെ ഭർത്താവിന് നൽകാൻ ഉഷയ്ക്ക് സാധിക്കും,'' അദ്ദേഹം പറഞ്ഞു.

## ശുദ്ധീകരിക്കാനും ശക്തിപ്പെടുത്താനും ദൈവം സാത്താനെ ഉപയോഗിക്കുന്നു: ജോൺ പൈപ്പർ

**യുഎസ്എ:** പിശാചിന്റെ ദുരുദ്ദേശ്യങ്ങൾക്കിടയിലും കഷ്ടകാലങ്ങളിൽ വിശ്വാസികളെ ശക്തിപ്പെടുത്താനും ശുദ്ധീകരിക്കാനും ദൈവം സാത്താനെ ഉപയോഗിക്കുന്നു എന്ന് എഴുത്തുകാരനും ശ്രദ്ധേയനുമായ ബൈബിൾ അധ്യാപകനുമായ ജോൺ പൈപ്പർ പറയുന്നു. ഒക്ടോബർ 31ന് അപ്ലോഡ് ചെയ്ത "ആസ്ക് പാസ്റ്റർ ജോണിന്റെ'' ഒരു എപ്പിസോഡിൽ ആണ് പൈപ്പറിന്റെ പ്രതികരണം. ഇയ്യോബിന്റെ കഷ്ടപ്പാടുകളോട് ഇയ്യോബിന്റെ ഭാര്യ എങ്ങനെ പ്രതികരിച്ചു എന്നതുൾപ്പെടെ, പഴയ നിയമ പുസ്തകത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായം ചോദിച്ചപ്പോഴാണ് ഇങ്ങനെ പ്രതികരിച്ചത്. ഇയ്യോബ് തന്റെ വിശ്വസ്തതയുടെ ഒരു പരീക്ഷണമായി കഷ്ടപ്പെടുമ്പോൾ, ഭാര്യ (ഇയ്യോബ് 2:9–10–ൽ) ഭർത്താവിനോട, "നീ ഇപ്പോഴും ദൈവത്തെ മുറുകെ പിടിക്കുന്നുവോ? ദൈവത്തെ ശപിച്ച് മരിക്കുക!'' എന്ന് പറഞ്ഞു. "ഇയ്യോബിന്റെ കഷ്ടപ്പാടുകളിൽ സാത്താന്റെ ഇടപെടൽ ഒരു അസാധാരണമാണെന്നും അത് നമുക്ക് സംഭവിക്കില്ല എന്ന മട്ടിൽ നാം അതിനെ ലഘൂകരിക്കരുത് എന്നത് ഉറപ്പാക്കാനാണ് ഇത് പരാമർശിക്കുന്നത്.'' "നമ്മുടെ കഷ്ടപ്പാടുകളിൽ സാത്താന്റെ കൈകൾ കാണുകയാണെങ്കിൽ, നമ്മുടെ സ്നേഹവാനായ പിതാവിൽ നിന്ന് കഷ്ടപ്പാടുകൾക്ക് നല്ല രൂപകല്പന ഇല്ലെന്ന് അർത്ഥമാക്കുന്നില്ല'' എന്ന് പൈപ്പർ വിശ്വസിക്കുന്നു. ഭർത്താവിന്റെ കഷ്ടപ്പാടുകളോടുള്ള ഈയ്യോബിന്റെ ഭാര്യയുടെ പ്രതികരണത്തിൽ "ഇരട്ട ഉദ്ദേശം'' കാണിക്കുന്നുവെന്ന് വിശ്വസിക്കുന്നു, ആദ്യത്തേത് "നമ്മുടെ കഷ്ടപ്പാടുകളിൽ, നമ്മുടെ ഏറ്റവും വിലയേറിയ സുഹൃത്തോ പ്രിയപ്പെട്ടവരോ നമുക്കെതിരെ തിരിയാം.'' മറ്റൊരു ഉദ്ദേശം, പരീക്ഷകൾ നമ്മെ അസ്വസ്ഥരാക്കാൻ അനുവദിക്കരുത് എന്നതാണ് – ഇയ്യോബ് പരീക്ഷണങ്ങൾ തന്നെ അലോസരപ്പെടുത്താൻ അനുവദിച്ചില്ല.



## അയർലണ്ടിൽ വിശ്വാസത്തിന്റെ ചരിത്രപരമായ നടത്തം

**അയർലണ്ട്:** അയർലണ്ടിൽ ഒക്ടോബർ രണ്ട് ശനിയാഴ്ച ഡബ്ലിനിൽ 12,000 പേർ പങ്കെടുത്ത റാലി ചരിത്രപരമായിരുന്നു. ഗാർഡൻ ഓഫ് റിമെംബറൻസിൽ നിന്ന് ആരംഭിച്ച് ഡെയിൽ ഐറിയനിൽ അവസാനിച്ചു. വ്യക്തികളെയും കുടുംബങ്ങളെയും വിവിധ കൂട്ടായ്മയുടെയും റാലി ആരാധനയുടെയും സന്തോഷത്തിന്റെയും ഐക്യത്തിന്റെയും ഒരു ദിനത്തിനായിരുന്നു. 'വിശ്വാസത്തിന്റെ ചരിത്രപരമായ നടത്തം' എന്നാണ് സംഘാടകർ പരിപാടിയെ വിശേഷിപ്പിച്ചത്. ഡബ്ലിനിലെ ഓൾ നേഷൻസ് ചർച്ചിൽ നിന്നുള്ള പാസ്റ്റർ ജോൺ അഹെർൻ, യേശുവിനു വേണ്ടി അനേകം ആളുകൾ ഒന്നിക്കുന്നത് കാണുന്നത് അഭൂതപൂർവമായ കാര്യമാണെന്ന് പറഞ്ഞു. ഇത് കൂടാതെ നമ്മുടെ തലമുറയിൽ ദൈവത്തോടുള്ള, വിപ്ലവമാത്മകമായ, ഉണർവും സംസ്കാരത്തിനപ്പുറമുള്ള ആത്മീയ വിശപ്പിന്റെ സൂചനയാണെന്ന് ഞാൻ കരുതുന്നു, അത് നിരവധി വേദികളിലൂടെ എല്ലാവരുടെയും നാവിലേക്കും പ്രവേശിച്ചു. ലോകത്തിന്റെ പ്രത്യയശാസ്ത്രങ്ങളിലോ ആശയങ്ങളിലോ യാതൊരു സത്തയോ അർത്ഥമോ കണ്ടെത്താനില്ല. വസ്തുനിഷ്ഠമായ യാഥാർഥ്യം എന്നത് നവോത്ഥാനത്തിന്റെ ആദ്യനാളുകളിലേക്ക് നാം മടങ്ങുകയാണെന്നു ഞാൻ വിശ്വസിക്കുന്നു. കാരണം, യേശു പറഞ്ഞതുപോലെ, മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത്. റാലിയിൽ പങ്കെടുക്കുത്തവർ യേശു നമ്മുടെ രാജാവാണ്, യേശു എല്ലാം മാറ്റുന്നു എന്നീ ബോർഡുകൾ പിടിച്ച് തെരുവുകളിൽ നിറഞ്ഞു, സംഘാടകർ ഇതിനെ ഡബ്ലിനിലും അതിനപ്പുറവും ഓർക്കപ്പെടേണ്ട നിമിഷം എന്ന് വിശേഷിപ്പിച്ചു. ഇന്റർഡെനോമിനേഷൻ ക്രിസ്ത്യൻ വിശ്വാസങ്ങൾ ഒത്തുചേരുന്ന ചടങ്ങ് വാട്ടർഫോർഡിലെ കത്തോലിക്കാ ബിഷപ്പ് അൽഫോൻസസ് കള്ളിനൻ പ്രോത്സാഹിപ്പിച്ചിരുന്നു.



## ബിജു കറുകയിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു



കുമ്പനാട്: കുമ്പനാട് സ്വദേശിയും ഇന്ത്യ പെന്തകോസ്ത് ദൈവസഭ തിരുവല്ല പ്രയർ സെന്റർ സഭയിലെ അംഗവും, പവർവിഷൻ ക്വയറിന്റെ സജീവ അംഗവും, അനുഗ്രഹീത ഗായകനുമായിരുന്ന ബ്രദർ ബിജു കറുകയിൽ (55 വയസ്സ്) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശാരീരിക അസ്വസ്ഥതകൾ നിമിത്തം ചില ദിവസങ്ങളായി ഭവനത്തിൽ വിശ്രമത്തിൽ ആയിരുന്നു.

നീറുന്നതും, തീച്ചൂളയ്ക്ക് സമാനമായതുമായ ധാരാളം ജീവിതാനുഭവങ്ങളിലൂടെ കടന്ന് പോയ ഒരു വ്യക്തിയായിരുന്നു. ഈ അടുത്ത കാലത്ത് പവ്വർ വിഷൻ ടിവിയിൽ പറഞ്ഞ അനുഭവ സാക്ഷ്യത്തിലൂടെയാണ് വിവരങ്ങൾ പുറംലോകം അറിഞ്ഞത്. തന്റെ ആകസ്മിക മരണം മലയാള പെന്തക്കോസ്ത് സഭകളെ ഒന്നടങ്കം കണ്ണിരിലാഴ്ത്തി. വിവാഹിതനായ എകമകൻ സുവിശേഷ വേലയിലാണ്. സംസ്ക്കാരം നടന്നു. ദി സോൾ വിന്നറിന്റെ ആദരാജ്ഞലികൾ.

## വി. എം. മാത്യു പുരസ്കാരം പവ്വർ വിഷൻ ടിവി യ്ക്ക്

**കൊച്ചി:** സുവിശേഷ വിഹിത പ്രസ്ഥാനങ്ങൾക്കിടയിൽ പവ്വർ വിഷൻ ടിവി നൽകിയ വിവിധ സംഭാവനകൾക്കാണ് പുരസ്കാരം ലഭിക്കുന്നത്. സുവിശേഷികരണം,സഭകളുടെ ഐക്യം, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പുരസ്കാരം ലഭിക്കുന്നത്. ലോകത്തെ മുഴുവനും മരണഭീതിയിൽ ആഴ്ത്തിയ കോവിട് കാലത്തു ആരംഭിച്ച വീട്ടിലെ സഭായോഗം എല്ലാ മലയാളികൾക്കും വളരെ അനുഗ്രഹവും ആശ്വാസവുമായിരുന്നു. ഇന്നും തുടർന്ന് കൊണ്ടിരിക്കുന്ന പരിപാടി വേർപെട്ട സഭാസമൂഹത്തിലെ വിശ്വാസികൾക്ക് മാത്രമല്ല ഇതര സഭാ വിഭാഗത്തിൽ പെട്ടവർക്കും വളരെ സന്തോഷവും ആനന്ദവും നൽകുന്ന ഒന്നാണ്. ഈ പരിപാടിയിലൂടെ ആയിരങ്ങളെ ക്രിസ്തുവിങ്കലേക്കു ആനയിക്കുന്നതിനു നേതൃത്വം കൊടുത്ത ടി വി ഡയറക്ടർ കൂടിയായ പാസ്റ്റർ കെ സി ജോണിനെ പരിഗണിച്ചതെന്നു അവാർഡ് നിർണ്ണയ കമ്മറ്റി അറിയിച്ചു. 2023 – 2024 വർഷത്തെ അവാർഡ് ഡിസംബർ 20 നാണു നൽകുന്നത്.



# THINGS TO LEARN FROM OBADIAH'S LIFE

A WORD FROM THE PRESIDENT



BRO. DANILE EASO



**We must encourage and challenge one another to be men and women of integrity to serve the Lord better when life's challenging moments pop up. God is preparing each of us for different tasks. Are you ready? Have you been working through those issues in your life? Have you been staying true to who God is in your life? Are you being a person of integrity?**

*After a long time, in the third year, the word of the LORD came to Elijah: "Go and present yourself to Ahab, and I will send rain on the land." So, Elijah went to present himself to Ahab. Now the famine was severe in Samaria, and Ahab had summoned Obadiah, his palace administrator. (Obadiah was a devout believer in the LORD. While Jezebel was killing off the LORD's prophets, Obadiah had taken a hundred prophets and hidden them in two caves, fifty in each, and had supplied them with food and water.) Ahab had said to Obadiah, "Go through the land to all the springs and valleys. Maybe we can find some grass to keep the horses and mules alive so we will not have to kill any of our animals." So, they divided the land they were to cover, Ahab going in one direction and Obadiah in another. As Obadiah was walking along, Elijah met him. Obadiah recognized him, bowed down to the ground, and said, "Is it really you, my lord Elijah?" "Yes," he replied. "Go tell your master, 'Elijah is here.'" "What have I done wrong," asked Obadiah, "that you are handing your servant over to Ahab to be put to death? As surely as the LORD your God lives, there is not a nation or kingdom where my master has not sent someone to look for you. And whenever a nation or kingdom claimed you were not there, he made them swear they could not find you. But now you tell me to go to my master and say, 'Elijah is here.' I don't know where the Spirit of the LORD may carry you when I leave you. If I go and tell Ahab and he doesn't find you, he will kill me. Yet I your servant have worshiped the LORD since my youth. Haven't you heard, my lord, what I did while Jezebel was killing the prophets of the LORD? I hid a hundred of the LORD's prophets in two caves, fifty in each, and supplied them with food and water. And now you tell me to go to my master and say, 'Elijah is here.' He will kill me!" Elijah said, "As the LORD Almighty lives, whom I serve, I will surely present myself to Ahab today." (1 King 18:1-15).*

In the previous chapters of 1st King, we can read many miracles taking place in Elijah's life- stopping the rain for three and a half years (1Kings 17:1), being fed by the ravens (1Kings 17:4), miracle of the barrel of meal and cruse of oil (1Kings 17:14) and the resurrection of the widow's son (1Kings 17:22). Now, here in these verses we read about Elijah's friend Obadiah. Obadiah was the administrator in King Ahab's palace. Here, we can see that important people and ordinary people join and serve alongside one another. Gifts and abilities are important, but at the same time, we all serve together. So, here we have an administrator of the palace, and Elijah is now joining forces. Three years have passed since Elijah raised the dead boy, and God comes to Elijah and says, now it's time to go to Ahab, time to go to the king. Elijah didn't hesitate, and he didn't debate. God used this time of three years for Elijah to prepare himself physically, emotionally, and spiritually to gain strength and be rested. Have you ever had a time in your life when you just needed spiritual, emotional, or physical rest? In all three areas of our lives, we need to have rest and be prepared for something down the road; we've to be rested, have strength, and have energy. So that we're patient, think clearly, and make wise decisions. Elijah is now ready; he has spent a proper amount of time preparing himself physically, emotionally, and spiritually. He had to depend on the Lord for years with the help of other people. Now he is ready. Here in these verses, we see that Obadiah went to meet Ahab and told him, and Ahab went to meet Elijah. This drought lasted for a long time of three and half years- everywhere you see, everything was dry and dusty, and the earth was cracked. People and animals were dying because of a lack of water and nutrients for planting, harvesting, and sustaining life. Elijah needed more than just faith to meet with Ahab; he also had to have courage because during this time of no rain, the people prayed to Baal, but no rain had come. The trust and faith in Baal and their king were at an all-time low, just as God intended. We can see that the stage was set; it was a time of desperation, uncertainty, and chaos.

Verses 7 to 15 is a conversation between Obadiah and Elijah about faith, trust, and fear because both were fearful. We can learn a few things from this passage. We can learn that God wants to use Christians in critical positions in a secular society to accomplish His purpose in the world. God wants to use Christians in essential world positions- in business, school, service industry, factory, healthcare, or wherever you find yourself. He wants to use us no matter where we are or who we are to accomplish His purpose in the world. Obadiah was the administrator of the palace, and the king trusted him. Joseph, Moses, Daniel, and Ether are a few other examples of people who held key positions in different kingdoms where God used them to accomplish His purposes. Every Christian who lives in the world is in a position of influence, no matter what role you play or where you live. We have an opportunity to be influential in the kingdom of God. Our influence may not be in spoken words, but it is always in our actions. People are watching us all the time- how do we treat someone, how do we handle this difficult situation, how do we go out of our way to help somebody in need? Look around at our world today; there is strife, anger, and distrust. This is the time for Christians to stand up and proclaim the love, grace, and mercy of Jesus Christ. This is not the time for us to get caught up in the war words or the emotional outburst. But as Christians, we are to be fence-menders, bridge-builders, peacemakers, and truth-speakers; we are to be the hands and feet of Christ amid a traumatic world. You can look around today and see chaos, distrust, anger, and selfishness everywhere. Many of the issues our world faces today need to be faced, and a conclusion needs to be drawn. Steps must be taken to ensure we can live in peace and see each other as equals. But Christians need to step up and not become the thorn but we need to become the aloe vera, the healing crème to all these, and we can do that. It's our call to do that, our challenge, and our command from Christ to be those people.

Second, God can only use Christians effectively in the world if they are truly devoted to Him. In other words, we've to be more about Jesus than we are about ourselves. When we are more about Jesus, and we've more investment in our time with Christ and our heavenly Father, then we'll be able to step in and help, we'll be able to build that bridge, we'll be able to mend the fence, we'll be able to help heal and to bring about the correct type of change. Obadiah served the Lord from his youth. While Ahab was worshipping idols, Obadiah never compromised his integrity. He hid the prophets, never joined the cause of the king, and stayed true to who he worshiped and who he followed, and that was his Lord. Every biblical character who occupied a strategic position in a secular environment that impacted God showed this quality. They never wavered; they might have been fearful when scared, but they never wavered. They decided to say yes to God every time. There will always be some who persecute you; that's on them; we have to stay true to who our heavenly Father is and our Savior is.

Third, God specially uses Christians, and they reflect wisdom in their relationship with non-Christians. Obadiah had to be wise to keep his faith and his position of influence. He went out and saved a hundred prophets, but he didn't get caught. He knew when to say the right words, what to say at the right time in front of the king and in front of those who were watching him from the king's palace, who would report on him. So, he had to do some things in secret. He saved a hundred prophets, but he didn't get caught. He fed those prophets, gave them water, kept them alive in these caves, and was smart enough not to put all of them in one place. The problem with us today and with today's culture is that Christians respond aggressively and with hostility to those holding secular opinions. As a culture, we've lost the art of conversation, rational debate, and convincing arguments. Instead of finding common ground, we've turned it into us versus them- if you are not with me, you are against me. We react out of fear of losing our position instead of how to make people stronger. We become emotional instead of rational. Thus, we lose our platform for effective communication. If we act like the world in battling the world, we will neutralize our witness for Christ to the world. For example, how do you respond if you are in a store and something rings up at the wrong price? When somebody cuts you off in traffic, how do you respond? When someone questions your authority or your decision-making, how do you respond? We've got to defend ourselves and stand up for what is right, but how do we respond? That's the question: do you do it with mercy, grace, and love, or do you do it in abrupt and emotional responses? We don't want to put God's character in question by our actions.

Fourth thing- God delights in using our predicaments to achieve His purpose. It's just like God using something as we go through to grow and glorify Him simultaneously. Growth is not always easy. Obadiah had a predicament- they reported Elijah to Ahab with the possibility of death. Without complex problems, we do not need divine solutions. When the problem is easy, we depend on ourselves; when it is big and can't do it alone, we have to have help. When we do not battle against evil, we win no spiritual victories. When life crises hit us, becoming a person of integrity is a little late. God has been building Obadiah's integrity all his life- "I, your servant, have worshiped the Lord since my youth." (verse 12). We can see that God has been preparing and using Obadiah and developing his integrity and character his whole life, not just for some big moment. Because we can't rise to the occasion, we can't stay true to our integrity unless it is slowly grown and built throughout our lives. We must encourage and challenge one another to be men and women of integrity to serve the Lord better when life's challenging moments pop up. God is preparing each of us for different tasks. Are you ready? Have you been working through those issues in your life? Have you been staying true to who God is in your life? Are you being a person of integrity?



# നെഹെമ്യാവിന്റെ പുസ്തകത്തിലെ വാതിലുകൾ



പീരുമേട് ക്ലീറ്റസ്

നെഹെമ്യാവിന്റെ പുസ്തകം മൂന്നാം അധ്യായത്തിൽ വിവിധ കവാടങ്ങളുടെ പേരുകൾ പ്രതിപാദിച്ചിട്ടുണ്ട്. എബ്രായ പേരുകളിൽ അറിയപ്പെടുന്ന കവാടങ്ങൾക്കു വലിയ പ്രാധാന്യമുണ്ട്. ഓരോന്നിൽ നിന്നും ഒരേ സമയം വിവിധ പാഠങ്ങൾ പഠിക്കാൻ കഴിയും. വിവിധ ആത്മീയ മാനങ്ങൾ ഉള്ള കവാടങ്ങൾക്ക് വിവിധ പേരുകളും നൽകപ്പെരിട്ടിരിക്കുന്നു. ഗോപുരങ്ങളുടെ പുനർനിർമ്മിതിയേകുറിച്ചും അറ്റകുറ്റപ്പണികൾ നടത്തിയ പത്തു കവാടങ്ങളുടെ പേരും നെഹമ്യാവിന്റെ പുസ്തകത്തിൽ നിന്നും പഠിക്കാം. സ്വന്തം ജീവിതത്തിലും ശുശ്രൂഷകളിലും നമ്മെ പ്രോത്സാഹിപ്പിക്കുന്നതിന് ഈ അധ്യായത്തിലെ ആത്മീയ ദൃഷ്ടാന്തങ്ങളിൽ നിന്ന് ചില കാര്യങ്ങൾ പഠിക്കാം.

**1. ആട്ടുവാതിൽ നെഹെമ്യാവ് 3:1**

അങ്ങനെ മഹാപുരോഹിതനായ എല്യാശീബും അവന്റെ സഹോദരന്മാരായ പുരോഹിതന്മാരും എഴുന്നേറ്റു ആട്ടിൻ വാതിൽ പണിതു: അവർ അതു പ്രതിഷ്ഠിച്ചു അതിന്റെ കതകുകളും വെച്ചു; ഹമ്മേയാഗോപുരംവരെയും ഹനനയേൽഗോപുരംവരെയും അവർ അതു പ്രതിഷ്ഠിച്ചു.

യാഗമൃഗങ്ങളെ ഉൾപ്പെടെയുള്ള നഗരത്തിലേക്ക് കൊണ്ടുവരുന്ന കവാടമാണിത്. മൃഗങ്ങൾ ജനങ്ങളുടെ പാപങ്ങൾക്കുവേണ്ടി അറുക്കപ്പെട്ടു. രക്തം ചൊരിയാതെ പാപങ്ങൾക്ക് മോചനം സാധ്യമല്ലെന്ന് വിശുദ്ധ ബൈബിൾ പറയുന്നു. ദൈവത്തിലേക്കുള്ള ഏക വഴി ത്യാഗത്തിലൂടെയാണ്. ഇത് വിശുദ്ധീകരിക്കപ്പെട്ടതും പ്രത്യേക രീതിയിൽ ദൈവത്തിന് സമർപ്പിക്കപ്പെട്ടതുമായാ ഒരേയൊരു കവാടമാണ്. ഈ കവാടം യേശുക്രിസ്തുവിനെ ഓർമ്മിപ്പിക്കുന്നു. യോഹന്നാൻ 1:29 പിറ്റെന്നാൾ യേശു തന്റെ അടുക്കൽ വരുന്നതു അവൻ കണ്ടിട്ടു: ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു! ഓരോ പാപിയും പ്രവേശിക്കേണ്ട കവാടമാണിത്. യോഹന്നാൻ 10:9 ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും; അവൻ അകത്തു വരികയും പുറത്തുപോകയും മേച്ചൽ കണ്ടെത്തുകയും ചെയ്യും.

**2. മീൻ വാതിൽ: നെഹെമ്യാവ് 3:3**

മീൻ വാതിൽ ഹസ്സെനായക്കാർ പണിതു; അവർ അതിന്റെ പടികൾ വെച്ചു കതകും ഓടാമ്പലും അന്താഴവും ഇണക്കി.

മധ്യധരണി കടലിൽ നിന്ന് മത്സ്യം കൊണ്ടുവരുമ്പോൾ വ്യാപാരികൾ ഈ കവാടമാണ് ഉപയോഗിച്ചിരിന്നുന്നത്. കവാടത്തിനു സമീപം ഒരു മത്സ്യ മാർക്കറ്റ് ഉണ്ടായിരുന്നു. നഗരത്തിലേക്കുള്ള പ്രധാന കവാടമായിരുന്നു ഇത്. ഈ കവാടം ജനങ്ങൾക്ക് വേണ്ടിയുള്ള സേവനത്തെക്കുറിച്ച് സംസാരിക്കുന്നു. യേശു ശിഷ്യന്മാരിൽ നാലുപേരെ വിളിച്ചപ്പോൾ അവൻ അവരെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്നു പറഞ്ഞു.

മീൻ വാതിൽ എന്ന പേര് എങ്ങനെയാണു നമ്മളുമായി ബന്ധപ്പെട്ടിരിക്കുന്നത്? എന്നെ അനുഗമിക്കുക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്ന് കർത്താവായ യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടോ? (മർക്കോസ് 1:17) ഇത് ഒരു ക്രിസ്ത്യാനിയുടെ സാക്ഷ്യത്തെ സൂചിപ്പിക്കുന്നു. ആ കവാടം നിങ്ങളുടെ ജീവിതത്തിൽ തകർന്നിട്ടുണ്ടോ? മീൻ വാതിലിന്റെ ചുറ്റുമതിൽ തകർന്നിട്ടുണ്ടോ? അങ്ങനെയെങ്കിൽ, പ്രതിരോധത്തിനുള്ള ഈ കവാടവും അതിന്റെ മതിലും വീണ്ടും പുനർനിർമിക്കേണ്ടതുണ്ട്, കാരണം ഓരോ ക്രിസ്ത്യാനിയും തനിക്കുവേണ്ടി സാക്ഷികളായിരിക്കണമെന്ന് കർത്താവായ യേശു പറഞ്ഞു. ഈ മതിൽ തകർന്നാൽ, ശത്രു വീണ്ടും കടന്നുവരുമെന്ന് നങ്ങൾ തിരിച്ചറിയണം. ഒരിക്കൽ പോലും ക്രിസ്തുവിനെ കുറിച്ച് ഒരു വാക്ക് പറയാൻ കഴിയുന്നില്ലെങ്കിൽ, നമ്മളുടെ ജീവിതത്തിൽ ഒരിക്കൽ പോലും ക്രിസ്തുവിന്റെ സാക്ഷിയാകാനും കഴിയുന്നില്ലെങ്കിൽ, നമ്മളുടെ ജീവിതത്തിലെ മീൻ വാതിൽ തകർന്നു എന്നും വാതിൽ വീണ്ടും നിർമ്മിക്കേണ്ടതുണ്ടന്നുമാണ് അർത്ഥം.

**3. പഴയ വാതിൽ: നെഹെമ്യാവ് 3:6**

പഴയവാതിൽ പാസേഹയുടെ മകനായ യോയാദയും ബെസോദ്യാവിന്റെ മകനായ മെശുല്ലാമും അറ്റകുറ്റം തീർത്തു; അവർ അതിന്റെ പടികൾ വെച്ചു കതകും ഓടാമ്പലും അന്താഴവും ഇണക്കി. നഗരത്തിന്റെ വടക്കുപടിഞ്ഞാറൻ മൂലയിലുള്ളതാണ് ഈ കവാടം. ചില വേദ പണ്ഡിതർ മിഷ്നെ കവാടം എന്ന് വിളിക്കുന്നു. ഈ എബ്രായ പദത്തിന്റെ അർത്ഥം രണ്ടാം പാദം അല്ലെങ്കിൽ പുതിയ പാദം എന്നാണ്. നെഹെമ്യാവിന്റെ നാളിൽ, നഗരത്തിന്റെ വടക്കുപടിഞ്ഞാറൻ ഭാഗം മിഷ്നെ അല്ലെങ്കിൽ പുതിയ നിവാസ സ്ഥലം ആയിരുന്നു; ഈ കവാടം അതിലേക്ക് നയിച്ചു. എന്തൊരു വിരോധാഭാസം: പഴയ വാതിൽ പുതിയ പാദത്തിലേക്ക് നയിക്കുന്നു!

യിരെമ്യാവ് 6:16 യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾ വഴികളിൽ ചെന്നു നല്ലവഴി ഏതെന്നു പഴയ പാതകളെ നോക്കി ചോദിച്ചു അതിൽ നടപ്പിൻ; എന്നാൽ നിങ്ങളുടെ മനസ്സിന്നു വിശ്രാമം ലഭിക്കും. അവരോ: ഞങ്ങൾ അതിൽ നടക്കയില്ല എന്നു പറഞ്ഞു. ഈ കവാടം എന്തിന്റെ പ്രതീകമാണ്? പല വിശ്വാസികളുടെയും ജീവിതത്തിൽ, ഈ കവാടം തകർന്നിരിക്കുന്നു. പഴയ സത്യം കൈവിട്ടു പോകുന്ന നാളുകളാണിത്. ഇനി നമുക്ക് ഈ കാര്യങ്ങൾ ആവശ്യമില്ലെന്ന് അവർ പറയുന്നു. എന്നാൽ ഈ പഴയ സത്യം തകരാൻ അനുവദിക്കുകയാണെങ്കിൽ, മതിൽ തകരുകയും പുറത്തുള്ള ശത്രുക്കൾക്ക് നമ്മുടെ ആത്മാവിലേക്ക് പ്രവേശനം ലഭിക്കുകയും ചെയ്യുന്നു. സത്യം ഒരിക്കലും മാറില്ല. സത്യം പറഞ്ഞപ്പോഴും അത് ഉച്ചരിക്കുന്നതിന് വർഷങ്ങൾക്ക് മുമ്പും, വർഷങ്ങൾക്ക് ശേഷവും അത് സത്യമായിരിക്കും.

**4. താഴ്വര വാതിൽ: നെഹെമ്യാവ് 3:13**

താഴ്വരവാതിൽ ഹനൂനും സാനോഹ് നിവാസികളും അറ്റകുറ്റം തീർത്തു: അവർ അതു പണിതു അതിന്റെ കതകും ഓടാമ്പലും അന്താഴവും ഇണക്കി കുപ്പ വാതിൽവരെ മതിൽ ആയിരം മുഴം കേടുപോക്കി. മനസ്സിന്റെ താഴ്മയുടെയും ഹൃദയത്തിന്റെ വിനയത്തിന്റെയും ഇടമാണിത്. ദൈവം അഹങ്കാരത്തിന് എതിരാണെന്ന് തിരുവെഴുത്തുകളുടെ എല്ലാ താളുകളിലും പറഞ്ഞിട്ടുണ്ട്. തങ്ങളെക്കുറിച്ചു താഴ്ന്ന അഭിപ്രായവും എന്നാൽ തങ്ങളുടെ ദൈവത്തെക്കുറിച്ച് ഉയർന്ന അഭിപ്രായവും ഉള്ളവരായിരിക്കണം. ഈ മനോഭാവമാണ് ദൈവം നമ്മിൽ തേടുന്നത്.

1 പത്രോസ് 5:5-6 അവ്വണ്ണം ഇളയവരേ, മൂപ്പന്മാർക്കു കീഴടങ്ങുവിൻ. എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ; ദൈവം നിഗളികളോടു എതിർത്തുനില്ക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നല്കുന്നു; അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ. ദൈവം തക്കസമയത്തു നമ്മളെ ഉയർത്തിക്കൊള്ളും. ഉത്കണ്ഠകളെല്ലാം ദൈവത്തിൽ ഏൽപിക്കണം. കൃപയും വിനയവും പഠിപ്പിക്കാൻ പലപ്പോഴും ദൈവം നമ്മെ ഉന്നതമായ അനുഭവങ്ങളിൽ നിന്ന് താഴ്വരകളിലേക്ക് കൊണ്ടുപോകുന്നു. നാം ക്രിസ്തുവിന് വഴങ്ങി മറ്റുള്ളവരെ സേവിക്കുമ്പോൾ മാത്രമേ അവൻ നമുക്കുവേണ്ടിയുള്ള ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് പ്രവേശിക്കാൻ കഴിയൂ. യേശുക്രിസ്തു നമുക്ക് ഉത്തമ മാതൃക നൽകി. മരണം വരെ അനുസരണയുള്ള ഒരു ദാസന്റെ രൂപം സ്വീകരിച്ച് അവൻ സ്വയം താഴ്ത്തി. അതിനാൽ ദൈവം അവനെ ഉയർത്തിയിരിക്കുന്നു. അഹങ്കാരത്തിന്റെ വിപത്തുകൾ എല്ലാവരും അറിയണം. ഈ താഴ്വര കവാടം പലപ്പോഴും നന്നാക്കേണ്ടി വരും.

**5. കുപ്പ വാതിൽ നെഹെമ്യാവ് 3: 14**

കുപ്പവാതിൽ ബേത്ത്-ഹഖേരെം ദേശത്തിന്റെ പ്രഭുവായ രേഖാബിന്റെ മകൻ മൽക്കീയാവു അറ്റകുറ്റം തീർത്തു; അവൻ അതു പണിതു അതിന്റെ കതകും ഓടാമ്പലും അന്താഴവും ഇണക്കി. നഗരത്തിന്റെ തെക്കേ അറ്റത്ത് ശീലോഹാം കുളത്തിനടുത്തായിരുന്നു കുപ്പവാതിൽ. ഹിന്നോം താഴ്വരയിലേക്കുള്ള പ്രധാന പുറം വാതിൽ ആയിരുന്നു അത് വഴിയാണ് നഗരം മാലിന്യങ്ങൾ നീക്കം ചെയ്തിരുന്നത്. ഒരു നഗരത്തിന്റെ ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ് പാഴ്വസ്തുക്കളുടെ നിർമാർജനം. ഈ കവാടത്തിനു പേര് മനോഹരമല്ല, പക്ഷേ അത് ഒരു പ്രധാന സേവനം ചെയ്യുന്നതാണ്! നഗരം പോലെ, നമ്മളോരോരുത്തരും നമ്മെ മലിനമാക്കുന്നതോ, അല്ലെങ്കിൽ നമ്മെ നശിപ്പിച്ചേക്കാവുന്നതോ ആയ എല്ലാറ്റിനെയും ഒഴിവാക്കണമെന്ന് അത് നമ്മെ ഓർമ്മിപ്പിക്കുന്നു.

2 കൊരിന്ത്യർ 7:1 പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ളതുകൊണ്ടു നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നേ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചുകൊൾക. പ്രിയ വായനക്കാരെ, നമ്മളുടെ ജീവിതത്തിൽ കുപ്പവാതിൽ ഇല്ലെങ്കിൽ, നാം ജീവിതത്തിന്റെ മോശമായ അവസ്ഥയിലാണ്, കാരണം നിങ്ങളുടെ ജീവിതത്തിലെ എല്ലാ മാലിന്യങ്ങളും കുമിഞ്ഞുകൂടിയിരിക്കുന്നു, അത് നമ്മെ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ ദുർഗന്ധം വമിക്കുന്നതിനു കാരണമാകും. ഈ കവാടം തകർന്നാൽ മാലിന്യങ്ങൾ ഒന്നും ശുദ്ധീകരിക്കാൻ കഴിയാതെ വരും. അതിനാൽ അടിയന്തരമായി വാതിൽ നന്നാക്കേണ്ടതുണ്ട്.

**6. ഉറവു വാതിൽ: നെഹെമ്യാവ് 3:15**

ഉറവുവാതിൽ മിസ്പാദേശത്തിന്റെ പ്രഭുവായ കൊൽ-ഹോസെയുടെ മകനായ ശല്ലൂൻ അറ്റകുറ്റം തീർത്തു; അവൻ അതു പണിതു മേച്ചൽ കഴിച്ചു കതകും ഓടാമ്പലും അന്താഴവും ഇണക്കി രാജോദ്യാനത്തിന്റെ നീർപ്പാത്തിക്കരികെയുള്ള കുളത്തിന്റെ മതിലും ദാവീദിന്റെ നഗരത്തിൽ നിന്നു ഇറങ്ങുന്ന കല്പടിവരെ തീർത്തു. കിഴക്കൻ ഭിത്തിയിൽ, കുപ്പ വാതിലിനു വടക്ക്, ശീലോഹാം കുളത്തിന് സമീപമുള്ള തന്ത്രപ്രധാനമായ സ്ഥലത്താണ് ഉറവു വാതിൽ സ്ഥിതിചെയ്തിരുന്നത്. ജലസംവിധാനത്തെ പോഷിപ്പിച്ചിരുന്ന ഗിഹോൺ നീരുറവ നഗരത്തിലെ ഒരു പ്രധാന ജലസ്രോതസ്സായിരുന്നു. ബൈബിളിൽ, ജലധാരകൾ ആത്മാവിന്റെ ചിത്രമാണ്.

യോഹന്നാൻ 7:37-39 ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശുനിന്നുകൊണ്ടു: "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും'' എന്നു വിളിച്ചു പറഞ്ഞു. അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചു ആകുന്നു പറഞ്ഞതു; യേശു അന്നു തേജസ്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവു വന്നിട്ടില്ലായിരുന്നു. (യോഹന്നാൻ 4:14) ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന്നോ ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവായിത്തീരും എന്നു ഉത്തരം പറഞ്ഞു അത് നമ്മിലെ ജീവന്റെ നദിയായ പരിശുദ്ധാത്മാവിനെക്കുറിച്ചാണ് സംസാരിക്കുന്നത് -- അവന്റെ ഇഷ്ടവും അവന്റെ വചനവും അനുസരിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതിന്, നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ആത്മാവിന്റെ ഒഴുക്ക്.

**7. നീർവ്വാതിൽ : നെഹെമ്യാവ് 3:26**

ദൈവാലയദാസന്മാർ ഓഫേലിൽ കിഴക്കു നീർവ്വാതിലിന്നെതിരെയുള്ള സ്ഥലംമുതൽ കവിഞ്ഞുനില്ക്കുന്ന ഗോപുരംവരെ പാർത്തുവന്നു. ഓഫെൽ നിവാസികളായ ദേവാലയ ശുശ്രൂഷകരും, കിഴക്കുവശത്തെ ജലകവാടത്തിനും തള്ളിനിൽക്കുന്ന ഗോപുരത്തിനും എതിരേയുള്ള ഭാഗം പുതുക്കിപ്പണിതു. ജാലകവാടം ദാവീദിന്റെ പഴയ നഗരത്തിൽ നിന്ന് കിദ്രോൻ താഴ്വരയ്ക്ക് അടുത്തുള്ള ഗീഹോൻ നീരുറവയിലേക്ക് നയിച്ചു. ഉറവ വാതിൽ നമ്മെ ഓർമ്മിപ്പിക്കുന്നത് ദൈവത്തിന്റെ ആത്മാവിനെ ആണെങ്കിൽ, ജാലകവാടം ദൈവവചനത്തെ ഓർമ്മിപ്പിക്കുന്നു. വാസ്തവത്തിൽ, എസ്രയും പുരോഹിതന്മാരും ഒരു വലിയ വചന സമ്മേളനം നടത്തുകയും ആളുകൾക്ക് തിരുവെഴുത്തുകൾ വിശദീകരിക്കുകയും ചെയ്തത് നീർവ്വാതിലിൽ വച്ചാണ്. മറ്റുള്ളവയെപ്പോലെ ഈ കവാടം അറ്റകുറ്റപ്പണി നടത്തിയതായി പറയപ്പെടുന്നില്ല എന്നത്, ദൈവവചനം എന്നേക്കും നിലനിൽക്കുമെന്നും പരാജയപ്പെടുകയില്ലെന്നും സൂചിപ്പിക്കുന്നു.

സങ്കീർത്തനങ്ങൾ 119:89 കർത്താവേ, നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു. ദൈവത്തിന്റെ വചനം നന്നാക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്യേണ്ടതില്ല, അത് തികഞ്ഞതാണ്. വെള്ളം എപ്പോഴും ദൈവവചനത്തിന്റെ പ്രതീകമാണ്. ഈ ജല വാതിൽ നന്നാക്കേണ്ട ആവശ്യമില്ല എന്നതാണ്., മതിലിന്റെ ഒരേയൊരു ഭാഗം അപ്പോഴും നിലനിന്നിരുന്നു. അതിൽ ജീവിച്ചിരുന്ന ആളുകളെ പരാമർശിക്കുന്നു, പക്ഷേ അതിന്റെ അറ്റകുറ്റപ്പണികൾ ആവശ്യമാണെന്ന് അതിൽ പരാമർശിക്കുന്നില്ല. ദൈവവചനം ഒരിക്കലും തകരുന്നില്ല. അത് നന്നാക്കേണ്ടതില്ല.

**8. കിഴക്കെ കവാടം: നെഹെമ്യാവ് 3:29**

അതിന്റെ ശേഷം ഇമ്മേരിന്റെ മകൻ സാദോക്ൾ തന്റെ വീട്ടിന്നു നേരെ അറ്റകുറ്റം തീർത്തു. അതിന്റെശേഷം കിഴക്കെ വാതിൽകാവൽക്കാരനായ ശെഖന്യാവിന്റെ മകൻ ശെമയ്യാവു അറ്റകുറ്റം തീർത്തു. കിഴക്കൻ കവാടം ഉദയസൂര്യനെ അഭിമുഖീകരിച്ച് പ്രത്യാശയുടെ കവാടമാണ്. ജീവിതത്തിന്റെ എല്ലാ പരീക്ഷണങ്ങളും ഭൂമിയുടെ എല്ലാ പോരാട്ടങ്ങളും അവസാനിക്കുമ്പോൾ, ദൈവത്തിന്റെ പുതിയ ദിവസത്തിൽ മഹത്തായ പുതിയ സൂര്യൻ ഉദിക്കുമ്പോൾ ഇനിയും വരാനിരിക്കുന്നതിന്റെ കാത്തിരിപ്പിന്റെ കവാടമാണിത്. ഈ യുഗത്തിന്റെ അശുഭാപ്തിവിശ്വാസത്തിൽ വീണുകിടക്കുന്ന, നമ്മുടെ കാലത്തിന്റെ നിരാശയാൽ തകർന്നുപോയ നമ്മിൽ പലരിലും ഈ കവാടം പുനർനിർമ്മിക്കേണ്ടതുണ്ട്. യേശുക്രിസ്തു ഉടൻ മടങ്ങിവരുമെന്ന് ഈ കവാടം നമ്മെ ഓർമ്മിപ്പിക്കുന്നു. അതിനാൽ, നാം എപ്പോഴും തയ്യാറായിരിക്കണം. 1 യോഹന്നാൻ 2:28 ഇപ്പോൾ കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനിൽ വസിപ്പിൻ;

**9. കുതിരകവാടം (അശ്വകവാടം)**: നെഹെമ്യാവ് 3:28

കുതിരവാതിൽ മുതൽ പുരോഹിതന്മാർ ഓരോരുത്തൻ താന്താന്റെ വീട്ടിന്നു നേരെ അറ്റകുറ്റം തീർത്തു. തിരുവെഴുത്തുകളിലെ കുതിര യുദ്ധത്തിന്റെ പ്രതീകമാണ് അല്ലെങ്കിൽ ഈ സാഹചര്യത്തിൽ ഇരുട്ടിന്റെ ശക്തികൾക്കെതിരെ യുദ്ധം ചെയ്യേണ്ടതിന്റെ ആവശ്യകതയാണ്. "നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ.'' എന്ന് അപ്പോസ്തലൻ പറയുന്നു. (എഫെസ്യർ 6:12) ഇതാണ് യുദ്ധം!

ജലവാതിലിനു വടക്ക്, ആലയ പരിസരത്തോട് ചേർന്ന് കുതിരകവാടം നിലകൊള്ളുന്നു. കുതിരകളിലും രഥങ്ങളിലും ആശ്രയിക്കരുതെന്ന് ദൈവം തന്റെ ജനത്തിന് മുന്നറിയിപ്പ് നൽകി, എന്നാൽ ശലോമോൻ കുതിരകളെ ഈജിപ്തിൽ നിന്ന് ഇറക്കുമതി ചെയ്തു, അവർ രാജ്യത്തിന്റെ പ്രതിരോധ സംവിധാനത്തിന്റെ ഒരു പ്രധാന ഭാഗമായിത്തീർന്നു. ഈ കവാടവും ആട്ടിൻകവാടവും പുരോഹിതന്മാർ നന്നാക്കിയത് ശ്രദ്ധേയമാണ്. രണ്ടും ആലയ പരിസരത്തായിരുന്നു. പുരോഹിതന്മാർ യാഗങ്ങൾ അർപ്പിച്ചു, പ്രാർത്ഥനയിലൂടെ അവർ ആത്മീയ പോരാളികളായിരുന്നു. ക്രിസ്തീയ ജീവിതത്തിൽ യുദ്ധമുണ്ടെന്നും നാം എപ്പോഴും പോരാടാൻ തയ്യാറായിരിക്കണം എന്നും കുതിരകവാടം നമ്മെ ഓർമ്മിപ്പിക്കുന്നു.

**10. ഹമ്മിഫ്ഖാദ് വാതിൽ : നെഹെമ്യാവ് 3:31**

അതിന്റെശേഷം തട്ടാന്മാരിൽ ഒരുവനായ മൽക്കീയാവു ഹമ്മിഫ്ഖാദ് വാതിനു നേരെ ദൈവാലയദാസന്മാരുടെയും കച്ചവടക്കാരുടെയും സ്ഥലംവരെയും കോണിങ്കലെ മാളികമുറിവരെയും അറ്റ കുറ്റം തീർത്തു. ഹമ്മിഫ്ഖാദ് വാതിൽ എന്നാൽ ഒത്തുചേരൽ എന്നാണ്. ദൈവം നമ്മെ വിളിക്കുന്നത് ഒരു ശരീരമാകാനാണ് - ഒരു ഏകാകിയായ ക്രിസ്ത്യാനിയായല്ല. യേശു നിമിത്തം, നങ്ങൾ ഒരു വലിയ കുടുംബമാണ് - വ്യത്യസ്ത ആകൃതികളും വലുപ്പങ്ങളും, എന്നിട്ടും എല്ലാവരും യേശുവിൽ ഒന്നാണ്. യേശു പറഞ്ഞു, രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ ഒത്തുകൂടുന്നുവോ അവിടെ ഞാൻ അവരോടുകൂടെയുണ്ട്. (മത്തായി 18:20)

ഓരോ വ്യക്തിയും അവരവരുടെ മുറിയിൽ ഒറ്റയ്ക്ക് ഭക്ഷണം കഴിക്കുന്നതിനുപകരം, തീൻമേശയിൽ ഒരു കുടുംബം ഒത്തുകൂടുന്നത് പോലെയാണ് അതുകൊണ്ടാണ് എല്ലാ ഞായറാഴ്ചയും യേശുവിനെ ആഘോഷിക്കാൻ നാം ഒരു വലിയ കുടുംബമായി ഒത്തുചേരുന്നത്. അതുകൊണ്ടാണ് യേശുവിനെയും അവൻ നമുക്കുവേണ്ടി ചെയ്തിരിക്കുന്നതിനെയും കുറിച്ച് കേൾക്കാൻ കഴിയുന്നത്ര തവണ നാം ഒത്തുചേരേണ്ടത്. കുരിശിന്റെ കവാടമായ ആടുകളുടെ കവാടത്തിലേക്കുള്ള അധ്യായത്തിന്റെ അവസാന ഭാഗത്ത് അത് നമ്മെ വീണ്ടും കൊണ്ടുവരുന്നു. കുരിശ് എല്ലാ ജീവിതത്തിന്റെയും തുടക്കത്തിലും അവസാനത്തിലും ആയിരിക്കണം. മനോഹരമായ വഴി, നമ്മുടെ ജീവിതത്തിന്റെ മതിലുകൾ ശക്തിപ്പെടുത്താൻ എന്താണ് ചെയ്യേണ്ടതെന്ന് നെഹെമ്യാവിന്റെ പുസ്തകം നമ്മെ പഠിപ്പിക്കുന്നു.

**കുരിശിന്റെ കവാടമായ ആടുകളുടെ കവാടത്തിലേക്കുള്ള അധ്യായത്തിന്റെ അവസാന ഭാഗത്ത് അത് നമ്മെ വീണ്ടും കൊണ്ടുവരുന്നു. കുരിശ് എല്ലാ ജീവിതത്തിന്റെയും തുടക്കത്തിലും അവസാനത്തിലും ആയിരിക്കണം. മനോഹരമായ വഴി, നമ്മുടെ ജീവിതത്തിന്റെ മതിലുകൾ ശക്തിപ്പെടുത്താൻ എന്താണ് ചെയ്യേണ്ടതെന്ന് നെഹെമ്യാവിന്റെ പുസ്തകം നമ്മെ പഠിപ്പിക്കുന്നു.**



# ബുദ്ധദേശീയതയുടെ കീഴിൽ ജീവിക്കുന്ന ക്രിസ്ത്യാനികൾ

1983-ൽ പണ്ഡിതനായ ഡേവിഡ് മോ ജനിച്ച മ്യാൻമറിലെ മലനിരകളിലെ ഗ്രാമീണ ചിൻ ഗ്രാമം ഇപ്പോൾ നിലവിലില്ല. 70 ക്രിസ്ത്യൻ കുടുംബങ്ങളുള്ള ഈ ഗ്രാമം രണ്ട് തവണ ഉയർന്ന മലകളിലേക്ക് താമസം മാറി. ഒരു പാസ്റ്ററാകാനുള്ള മോയുടെ ആഗ്രഹം അദ്ദേഹത്തെ മ്യാൻമറിന് പുറത്ത് ഉന്നത വിദ്യാഭ്യാസം നേടുന്നതിലേക്ക് നയിച്ചു, ഇന്ന് അദ്ദേഹം യേൽ യൂണിവേഴ്സിറ്റിയിൽ തെക്കുകിഴക്കൻ ഏഷ്യൻ പഠനങ്ങളിൽ പോസ്റ്റ്ഡോക്ടറൽ അസോസിയേറ്റ്, ലക്ചറർ ആണ്. എന്നിട്ടും തന്നെ വളർത്തിയ സമൂഹത്തെ അദ്ദേഹം മറന്നില്ല. അദ്ദേഹത്തിന്റെ പുതിയ പുസ്തകമായാ, ബിയോണ്ട് ദി അക്കാദമി: ലൈവ്ഡ് ഏഷ്യൻ പബ്ലിക് തിയോളജി ഓഫ് റിലീജിയൻസിൽ, ഉയർന്ന വിദ്യാഭ്യാസമുള്ള ദൈവശാസ്ത്രജ്ഞർ ദന്തഗോപുരത്തിന് പുറത്തുള്ളവരുമായി സംവാദം നടത്തണമെന്നും ദൈവശാസ്ത്ര പരിശീലനമില്ലാത്ത അടിസ്ഥാന ക്രിസ്ത്യാനികളുടെ കാഴ്ചപ്പാടുകളിൽ ഏർപ്പെടണമെന്നും വാദിക്കുന്നു. പുസ്തകത്തിനായി, ചിൻ, കാച്ചിൻ, കാരെൻ കമ്മ്യൂണിറ്റികളിൽ നിന്നുള്ള മ്യാൻമറിലെ 15 അടിസ്ഥാന ക്രിസ്ത്യൻ നേതാക്കളെ മോ അഭിമുഖം നടത്തി. അദ്ദേഹത്തിന്റെ അഭിമുഖത്തിലെ പ്രധാന ഭാഗങ്ങൾ ഉൾ പ്പെടുത്തിയ ഒരു ലേഖനമാണിത്.

മ്യാൻമറിൽ ബുദ്ധമത ഭരണകൂടമാണ് ഭരണം നടത്തുന്നത്. ജനസംഖ്യയുടെ 90 ശതമാനവും ബുദ്ധമതക്കാരാണ്. ഭരിക്കുന്ന സൈനിക ഭരണകൂടമുൾപ്പെടെ രാജ്യത്തെ വരേണ്യവർഗത്തിൽ ഭൂരിഭാഗവും ബുദ്ധ ബാമർ വംശീയ വിഭാഗത്തിൽ നിന്നുള്ളവരാണ്. 1948-ൽ മ്യാൻമർ ബ്രിട്ടീഷുകാരിൽ നിന്ന് സ്വാതന്ത്ര്യം നേടിയതിനുശേഷം, ബുദ്ധമതക്കാരോ ബാമറോ അല്ലാത്തവർ യഥാർത്ഥ ബർമക്കാരല്ലെന്ന് പുതിയ ബുദ്ധ ദേശീയ നേതാക്കൾ വാദിച്ചു. ഇത് ദശാബ്ദങ്ങളായി വംശീയ ന്യൂനപക്ഷങ്ങളുടെ വിവേചനത്തിനും അടിച്ചമർത്തലിനും കാരണമായി. 2021 ലെ സൈനിക അട്ടിമറി സായുധ വംശീയ ഗ്രൂപ്പുകളും സൈനിക ഭരണകൂടവും തമ്മിലുള്ള പോരാട്ടം വർദ്ധിപ്പിച്ചു. പക്ഷേ അട്ടിമറിയെ ചെറുക്കാൻ അന്തർ-വംശീയ, ബഹുസ്വര ഗ്രൂപ്പുകൾ ഒരുമിച്ച് ചേർന്നതിനാൽ വിശ്വാസത പുനഃക്രമീകരിച്ചു.

ഡേവിഡ് ജനിച്ചതും വളർന്നത് ഖിൻ ഫോങ് എന്ന ഗ്രാമത്തിലാണ്. അവിടെ സ്കൂളിൽ പോയി, ഗ്രാമത്തിലെ ചർച്ചിൽ സൺഡേ സ്കൂൾ അധ്യാപകനായി സേവനമനുഷ്ഠിച്ചു. തന്റെ ഗ്രാമത്തിലെ സ്കൂളിൽ നിന്ന് പിഎച്ച്ഡി നേടുന്ന ആദ്യത്തെ ബിരുദധാരിയാണ് അദ്ദേഹം. ബ്രിട്ടീഷുകാരിൽ നിന്ന് മ്യാൻമർ സ്വാതന്ത്ര്യം നേടുന്നതിന് രണ്ട് വർഷം മുമ്പ് 1946 ലാണ് ഈ സ്കൂൾ സ്ഥാപിതമായത്. അന്തരിച്ച തന്റെ അമ്മ ഒരിക്കലും സ്കൂളിൽ പോയിട്ടില്ല, പക്ഷേ അവർ യേശുക്രിസ്തുവിന്റെ വിശ്വസ്ത അനുയായിയായിരുന്നു. ക്രിസ്തുവിനോട് വിശ്വസ്തയായിരിക്കാനും ദൈവത്തെ സേവിക്കാനും തന്നെ എപ്പോഴും പ്രോത്സാഹിപ്പിച്ചു. ക്രിസ്തീയ വിശ്വാസത്തിന്റെ മാതൃകയായി അദ്ദേഹം തന്റെ അമ്മയെ കണ്ടു. ഒരു പാസ്റ്ററാകാൻ ആഗ്രഹിച്ചതിനാൽ മ്യാൻമറിലെ ഒരു സെമിനാരിയിൽ താൻ ദൈവശാസ്ത്ര പഠനം ആരംഭിച്ചു. പിന്നീട് എംഡിവിവിനായി മലേഷ്യയിലേക്ക് പോയി. മലേഷ്യയിൽ നിന്നും ഉപരി ബിരുദ പഠനത്തിനായി യുഎസിൽ പോകാനും അവസരം ലഭിച്ചു. ദൈവശാസ്ത്ര പഠനത്തിൽ പിഎച്ച്ഡി പൂർത്തിയാക്കിയപ്പോൾ അതിനനുസൃതമായ അക്കാദമിക് മേഖലയിൽ അവസരം ലഭിച്ചില്ല. 2021-ൽ പട്ടാള അട്ടിമറി നടന്നതിനാൽ തനിക്ക് മ്യാൻമറിലേക്ക് മടങ്ങാനും കഴിഞ്ഞില്ല.

യുഎസിലെ രണ്ട് ചെറിയ ബർമീസ് സഭകളിൽ പാസ്റ്ററാകാൻ അദ്ദേഹം അപേക്ഷിച്ചു, പക്ഷേ അവസരം നിഷേധിക്കപ്പെട്ടു. തെക്കുകിഴക്കൻ ഏഷ്യൻ പഠനങ്ങൾ, മതം, രാഷ്ട്രീയം, വംശീയ സ്വത്വം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് യേലിൽ പഠിപ്പിക്കാൻ തനിക്ക് അവസരം ലഭിച്ചു. തന്റെ സ്കോളർഷിപ്പ് നാല് വ്യത്യസ്ത കമ്മ്യൂണിറ്റികളെ കുറിച്ചുള്ളതായിരുന്നു. അക്കാദമിക് കമ്മ്യൂണിറ്റി, ബർമീസ് ക്രിസ്ത്യൻ കമ്മ്യൂണിറ്റി, പൊതു സമൂഹം, രാഷ്ട്രീയ ഭരണകൂടം.

അക്കാദമിക് ജോലി അദ്ദേഹത്തിന് വളരെ ഇഷ്ടമായിരുന്നു. അതുകൊണ്ടാണ് തന്നെ അക്കാദമി മേഘലയിൽ തന്നെ പ്രവർത്തിക്കാനും അവസരം ലഭിച്ചു. എന്നാൽ പ്രത്യേകിച്ചും പൊതു ദൈവശാസ്ത്രത്തിന്റെ വിഷയത്തിൽ, അക്കാദമിക് വിദഗ്ധർ മറ്റ് അക്കാദമിക് വിദഗ്ധരുമായി മാത്രം ഇടപഴകുന്നു. യഥാർത്ഥ ജീവിതത്തിന് അത് അത്ര പ്രസക്തമല്ല. നമുക്ക് പൊതുജീവിതത്തെക്കുറിച്ച് ആശങ്കയുണ്ടെങ്കിൽ, താഴെത്തട്ടിലുള്ള ആളുകളുമായി ഇടപഴകാൻ നമുക്ക് പണ്ഡിതന്മാർ ആവശ്യമാണ്. തീർച്ചയായും, അടിസ്ഥാന ക്രിസ്ത്യാനികൾ ചെയ്യുന്ന എല്ലാ കാര്യങ്ങളെയും നമ്മൾ അംഗീകരിക്കുന്നില്ല. അവർക്കും പരിമിതികളുണ്ട്, എന്നാൽ പൊതുജീവിതം - സമൂഹത്തിലെ പൊതുനന്മ - നമുക്ക് മനസ്സിലാക്കണമെങ്കിൽ ദൈവശാസ്ത്രം ഒന്നും അറിയാതെ യേശുക്രിസ്തുവിനെ കുറിച്ച് സാക്ഷ്യം വഹിക്കുന്ന അടിസ്ഥാന ക്രിസ്ത്യൻ സഭകളുമായി നാം ഇടപഴകേണ്ടതുണ്ട്. തന്റെ സൈദ്ധാന്തികതയും അടിസ്ഥാനനിലവാരവും സഭയ്ക്ക് പാലം നൽകുന്ന ഒരു ദൈവശാസ്ത്രജ്ഞനായാണ് തന്നെ കാണുന്നത്. രക്ഷയുടെ കാര്യം വരുമ്പോൾ, ചില സൈദ്ധാന്തിക വിദഗ്ധർ ശാരീരിക വിമോചനത്തിൽ വളരെയധികം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എന്നാൽ ഈ അടിസ്ഥാന ക്രിസ്ത്യാനികൾ മരണാനന്തര ജീവിതത്തെക്കുറിച്ചും ആത്മീയ രക്ഷയെക്കുറിച്ചും ധാരാളം സംസാരിക്കുന്നു.

സൈദ്ധാന്തിക ദൈവശാസ്ത്രജ്ഞർ യേശുക്രിസ്തുവിന്റെ പ്രാവചനിക പങ്കിനെ വേണ്ടത്ര അഭിസംബോധന ചെയ്യാതെ അദ്ദേഹത്തിന്റെ പൗരോഹിത്യ ജീവിതത്തെയും അജപാലന വേലയിൽ അതിന്റെ പ്രത്യാഘാതങ്ങളെയും കുറിച്ച് വളരെയധികം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മ്യാൻമർ വംശീയ ന്യൂനപക്ഷങ്ങൾ യേശുക്രിസ്തുവിന്റെ കുരിശിലെ ബലിയെ അവരുടെ ക്രിസ്ത്യാനികൾക്ക് മുമ്പുള്ള ആചാരപരമായ ബലിയുമായി ബന്ധപ്പെടുത്തുന്നു. ഇത് യിസ്രായേല്യർ ലേവ്യപുസ്തകത്തിൽ അനുഷ്ഠിച്ചതിന് സമാനമാണ്. ബൈബിളിലെ പ്രിയപ്പെട്ട പുസ്തകം എന്താണെന്ന് താൻ അഭിമുഖം നടത്തിയ സഭാ മൂപ്പന്മാരിൽ ഒരാളോട് ചോദിച്ചു. അദ്ദേഹം എബ്രായർ എന്ന് പറഞ്ഞു, കാരണം ‘അത് പുരോഹിതൻ എന്ന നിലയിൽ യേശുക്രിസ്തുവിന്റെ ത്യാഗപരമായ ഭാവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.’

മ്യാൻമറിന്റെ മതപരമായ ഘടനയിലും ഭൂരിഭാഗം വംശീയ ന്യൂനപക്ഷങ്ങളും ക്രിസ്ത്യാനികളായിരിക്കെ, വംശീയ ഭൂരിപക്ഷമായ ബാമർ ബുദ്ധമതക്കാരായതിനും രണ്ട് പ്രധാന ഘടകങ്ങളുണ്ട്. ആദ്യം, താൻ സൂചിപ്പിച്ചതുപോലെ, വംശീയ ന്യൂനപക്ഷങ്ങൾക്കിടയിലുള്ള ആചാരങ്ങളുടെ ക്രിസ്ത്യാനിക്ക് മുമ്പുള്ള സാംസ്കാരിക സമ്പ്രദായം സുവിശേഷത്തിന് വഴിയൊരുക്കി. രണ്ടാമത്തേത്, വംശീയ ന്യൂനപക്ഷങ്ങൾ വാമൊഴി പാരമ്പര്യത്തെ അടിസ്ഥാനമാക്കിയുള്ള ആത്മാരാധനയാണ്; അവരുടെ പക്കൽ രേഖകളൊന്നും ഉണ്ടായിരുന്നില്ല. പാശ്ചാത്യ മിഷനറിമാർ വന്നപ്പോൾ, അവർ പ്രദേശത്ത് സാഹിത്യം വികസിപ്പിക്കാൻ സഹായിക്കുകയും ബൈബിൾ വിവർത്തനം ചെയ്യുകയും ബർമീസ്-ഇംഗ്ലീഷ് നിഘണ്ടു സൃഷ്ടിക്കുകയും സ്കൂളുകളും മെഡിക്കൽ ക്ലിനിക്കുകളും ആരംഭിക്കുകയും ചെയ്തു. വംശീയ ന്യൂനപക്ഷങ്ങൾ ക്രിസ്ത്യൻ മിഷനറിമാരെ സ്നേഹിക്കുന്നത് അങ്ങനെയാണ്. മറുവശത്ത്, ബുദ്ധമതം ഒരു വ്യവസ്ഥാപിത മതമായതിനാൽ ബാമർ ബുദ്ധമതക്കാർക്ക് ഇതിനകം സാഹിത്യമുണ്ടായിരുന്നു. അവർക്ക് ചിട്ടയായ ചിന്താഗതി ഉണ്ടായിരുന്നു, അതിനാൽ പാശ്ചാത്യ മിഷനറിമാർ അവരെ ക്രിസ്ത്യാനികളാകാൻ പ്രേരിപ്പിച്ചില്ല. ചിൻ ജനതയെ സംബന്ധിച്ചിടത്തോളം, തങ്ങൾ ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ പർവതനിരകളിലാണ് താമസിച്ചിരുന്നത്, അതിനാൽ അധികം ബാമർ ബുദ്ധമത മിഷനറിമാരും തങ്ങളിലേക്ക് എത്തിയില്ല. എന്നിരുന്നാലും ന്യൂനപക്ഷങ്ങൾ ഒരേ നഗരങ്ങളിൽ ഒരുമിച്ച് താമസിച്ചിരുന്ന താഴ്ന്ന പ്രദേശങ്ങളിൽ, ചിലർ സുവിശേഷവൽക്കരിക്കപ്പെട്ടിരിക്കാം. ബുദ്ധമതം ബാമർ സ്വത്വവുമായി ഇഴചേർന്ന് ബുദ്ധ ദേശീയതയിലേക്ക് നയിച്ചത്, ബ്രിട്ടീഷുകാരുടെ കീഴിലുള്ള കൊളോണിയൽ കാലഘട്ടത്തിൽ (1824-1948) ബുദ്ധ ദേശീയത ആദ്യമായി കൊളോണിയൽ വിരുദ്ധ പ്രസ്ഥാനമായി ഉയർന്നുവന്നു. ആ സമയത്ത്, പാശ്ചാത്യ മിഷനറിമാരും മ്യാൻമറിലേക്ക് വന്നു, അതിനാൽ ബുദ്ധ ദേശീയവാദികൾക്കും പാശ്ചാത്യ മിഷനറിമാർക്കും ബ്രിട്ടീഷ് കോളനിക്കാർക്കും വ്യത്യസ്തമായി തോന്നിയില്ല. 1948-ൽ ബ്രിട്ടീഷുകാരിൽ നിന്ന് സ്വാതന്ത്ര്യം നേടിയ ശേഷം ബുദ്ധ ദേശീയത വംശീയ ന്യൂനപക്ഷ വിരുദ്ധ പ്രസ്ഥാനമായി മാറി. വംശീയ ന്യൂനപക്ഷങ്ങൾ പാശ്ചാത്യ ക്രിസ്ത്യാനിറ്റിയെ എളുപ്പത്തിൽ സ്വീകരിക്കുമെന്ന് പല ബുദ്ധ ദേശീയവാദികളും വിശ്വസിച്ചു. അതുകൊണ്ടാണ് ബുദ്ധമത ഭൂരിപക്ഷ രാജ്യത്ത് അവർ വിവേചനം നേരിട്ടത്.



**സാം പി ശാമുവേൽ**
**അബുദാബി**

‘ബാമർ അവിടെയുണ്ടെങ്കിൽ സ്വർഗ്ഗത്തിൽ പോകില്ല’ എന്ന് പറഞ്ഞ ചില കാച്ചിൻ ക്രിസ്ത്യാനിയുടെ ഒരു ഉദ്ധരണിയെ കുറിച്ച്; അട്ടിമറിക്ക് മുമ്പ് തന്നെ കാച്ചിൻ ക്രിസ്ത്യാനികൾ ഒരുപാട് വിവേചനം നേരിട്ടിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ബാമർ, ബുദ്ധമതം, സൈന്യത്തിന്റെ ഭാഗം എന്നിവ വേർതിരിക്കാനാവാത്തതാണ്. അവർക്ക് ബാമർ ആളുകളെ ഇഷ്ടമല്ല. ബുദ്ധ വിരുദ്ധ ദേശീയവാദികൾ ബാമർ വിരുദ്ധരായി മാറിയതുപോലെയാണ് ഇത്. ബാമർ ബുദ്ധ ദേശീയതയെ കാച്ചിൻ ജനത എത്ര മാത്രം വെറുക്കുന്നു എന്ന് കാണിക്കുന്ന സമൂലമായ വീക്ഷണമാണിത്. അതുകൊണ്ടാണ് സ്വർഗത്തിൽ ബാമർ ഉണ്ടെങ്കിൽ, ഭാവിയിൽ അവരോടൊപ്പം ഒരുമിച്ച് ജീവിക്കാൻ ആഗ്രഹിക്കാത്തതിനാൽ അവർ മറ്റൊരു സ്ഥലം തിരഞ്ഞെടുക്കുമെന്ന് അവർ പറയുന്നത്. തീർച്ചയായും, ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഇത് ശരിയായ കാഴ്ചപ്പാടല്ല, കാരണം നമ്മൾ ചില നയങ്ങളെയോ ബുദ്ധ ദേശീയതയെയോ വെറുത്താലും ബാമറിനെ സ്നേഹിക്കണം.

താൻ സംസാരിച്ച നേതാക്കൾ ഇപ്പോഴും സൈനിക ഭരണകൂടത്തെ അതേ-തിന്മയായി കണ്ടു. എന്നിരുന്നാലും, ചില ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ ബുദ്ധമതക്കാരെ കണ്ട രീതി അട്ടിമറിക്ക് ശേഷം കൂടുതൽ പോസിറ്റീവ് ആയിത്തീർന്നു, കാരണം അട്ടിമറിക്കെതിരെ മതങ്ങൾക്കിടയിലുള്ള ചെറുത്തുനിൽപ്പിന് അവസരമുണ്ടായിരുന്നു. നേരത്തെ പറഞ്ഞതുപോലെ, ബുദ്ധ ദേശീയത ആദ്യം ഒരു കൊളോണിയൽ വിരുദ്ധ പ്രസ്ഥാനമായും പിന്നീട് വംശീയ ന്യൂനപക്ഷ വിരുദ്ധ പ്രസ്ഥാനമായും ഉയർന്നുവന്നു. എന്നാൽ ഈ അട്ടിമറിക്ക് ശേഷം, ബുദ്ധ ദേശീയത ഒരു ജനാധിപത്യ വിരുദ്ധ പ്രസ്ഥാനമായി മാറി, അത് അട്ടിമറിയെ ചെറുക്കുമ്പോൾ ചില വംശീയ ന്യൂനപക്ഷങ്ങൾക്കും ബാമർ ജനതയ്ക്കും ഒരുമിച്ച് പ്രവർത്തിക്കാനുള്ള അവസരം തുറന്നുകൊടുത്തു.

തന്റെ കമ്മ്യൂണിറ്റിയിൽ. യുവതലമുറയിൽ ഒരു മാതൃകാപരമായ മാറ്റമുണ്ട്. പക്ഷേ, സന്ദർഭോചിതമായ ദൈവശാസ്ത്രത്തിന്റെ അതിർവരമ്പുകൾ ഭേദിച്ച് താഴെത്തട്ടിലുള്ള ആളുകളുമായി ഇടപഴകേണ്ടതുണ്ട്. അടിത്തട്ടിലുള്ള ക്രിസ്ത്യാനികളുമായി ഇടപഴകുന്നതും അവരെ അക്കാദമിക് രചനയിൽ ഉൾപ്പെടുത്തുന്നതും വളരെ ബുദ്ധിമുട്ടാണ്. ആളുകളുമായുള്ളതിനേക്കാൾ മറ്റൊരു അക്കാദമിക് പുസ്തകവുമായി ഇടപഴകുന്നത് എളുപ്പമാണ്. ഇത് ആവശ്യമാണെന്ന് പലർക്കും അറിയാമെന്ന് താൻ കരുതുന്നു, പക്ഷേ പലരും മടിയന്മാരാണെന്ന് താൻ കരുതുന്നു. ലോക ക്രിസ്തുമതത്തിലെ പല പണ്ഡിതന്മാരും ക്രിസ്തുമതം അതിന്റെ കേന്ദ്രം പടിഞ്ഞാറ് നിന്ന് ഗ്ലോബൽ സൗത്തിലേക്ക് മാറ്റിയതെങ്ങനെയെന്ന് ആഘോഷിക്കുന്നു. ആഗോള ദക്ഷിണേന്ത്യയിൽ ജീവിക്കുന്ന വംശീയ ന്യൂനപക്ഷങ്ങൾക്കിടയിലും ദരിദ്രർക്കിടയിലും ക്രിസ്തുമതം എങ്ങനെ തഴച്ചുവളരുന്നുവെന്ന് അവർ വേണ്ടത്ര ശ്രദ്ധിക്കുന്നില്ലെന്ന് താൻ കരുതുന്നു. ഇത് വെറുമൊരു ജനസംഖ്യാപരമായ നീക്കം മാത്രമല്ല, ഒന്നാം നൂറ്റാണ്ടിലെ യേശുവിന്റെ ശിഷ്യന്മാരോട് സാമ്യമുള്ള പാവപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും നേരെയുള്ള ഒരു സാമൂഹിക സാമ്പത്തിക നീക്കമാണ്.

# ഒരു മടങ്ങിവരവ് നമുക്ക് എല്ലാവർക്കും അത്യാവശ്യം





ഷിബു കൊടുങ്ങല്ലൂർ

യഥാർഥ ലോകം അത്ര നല്ലതല്ല. ലോകത്തിൽ ചിലതെല്ലാം നല്ലതാണ്. നല്ലതിനെ നല്ലത് എന്ന് പറയാതെ നിവൃത്തിയില്ല. എന്നാൽ ഇന്ന് മനുഷ്യർ അവരുടെ വേണ്ടപ്പെട്ടവർ വൃത്തികേടുകൾ ചെയ്താൽ പോലും നല്ലത് എന്ന് പറയും. അത് ശരിയല്ല. ഞാൻ എന്തിനാ അവരെ മുഷിപ്പിക്കുന്നത് എന്ന് ചിന്തിച്ചു മൗനമായിരിക്കാനും മനുഷ്യൻ കൊതിക്കുന്നു. അതിൽ ചിലർ, വളരെ ചെറിയ കൂട്ടർ അനീതിക്കെതിരെ അവരുടെ തൂലിക ചലിപ്പിക്കുന്നു. എന്ത് വന്നാലും വേണ്ടില്ല, അവർ എന്നെ കൊന്നാലും വേണ്ടില്ല. അനീതിക്ക് എതിരെ ആ ചെറിയ ഗ്രൂപ്പ് ശബ്ദം ഉയർത്തും. അരുത് എന്ന് പറയും. ബാക്കി എല്ലാവരും അല്ല ഭൂരിപക്ഷവും കണ്ടില്ലെന്നു നടിക്കും, ചിലർ അന്ധമായി സപ്പോർട്ട് ചെയ്യും.

ഇന്നലെകളിൽ നമ്മൾ വായിച്ച ബൈബിൾ സംഭവകഥയിൽ ആകെ കഥാപാത്രങ്ങൾ 6 എലിമെലേക്ക് എന്ന പിതാവ്, ഭാര്യ നവോമി, മക്കൾ മഹ്ലോൻ പിന്നെ കില്യോൻ. ഈ മക്കളുടെ ഭാര്യമാരായ ഒർപ്പയും രൂത്തും അടക്കം 6 പേരുള്ള ഒരു കുടുംബം. ഇവരുടെ ജീവിതം അത്ര സുഖകരം ആയിട്ടല്ല ബൈബിൾ വിവരിക്കുന്നത്. നിങ്ങൾ ബൈബിൾ വായിച്ചിട്ടില്ലെങ്കിൽ, അതിലെ രൂത്ത് എന്ന പുസ്തകം വായിച്ചിട്ടില്ലെങ്കിൽ ഗൂഗിൾ സേർച്ച് ചെയ്താൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഭാഷയിൽ നിങ്ങൾക്ക് അത് വായിക്കാൻ കഴിയും.

ബൈബിളിലെ എട്ടാമത്തെ പുസ്തകമായ രൂത്ത് എന്ന് പുസ്തകത്തിന് ആകെ 4 അദ്ധ്യായം മാത്രമേയുള്ളു. കേവലം 85 വാക്യങ്ങൾ. പെട്ടന്ന് വായിച്ചു തീർക്കാൻ കഴിയുന്ന ഒരു പുസ്തകം. ആസ്വദിച്ചു വായിച്ചാൽ അതിലെ ഓരോ വരികളിലും ഓരോരോ ലേഖനങ്ങൾ കണ്ടെത്താൻ കഴിയും. അതിലെ ചില വരികൾ നിങ്ങളെ സുഖം സുഷുപ്തിയിൽ എത്തിക്കും.

രൂത്ത് എന്ന പുസ്തകം അദ്ധ്യായം 1 ന്റെ 1 ൽ "ന്യായാധിപന്മാർ ന്യായപാലനം നടത്തിയ കാലത്തു ഒരിക്കൽ ദേശത്തു ക്ഷാമം ഉണ്ടായി; യെഹൂദയിലെ ബേത്ത്ലേഹെമിലുള്ള ഒരു ആൾ തന്റെ ഭാര്യയും രണ്ടു പുത്രന്മാരുമായി മോവാബ്ദേശത്തു പരദേശിയായി പാർപ്പാൻ പോയി''. എന്ന് വായിക്കുമ്പോൾ അതിൽ ഒരു നീണ്ട കാലഘട്ടം തന്നെ ഒളിപ്പിച്ചു വെച്ചിരിക്കുന്നു.

1. കാലഘട്ടം: ന്യായാധിപന്മാർ ന്യായപാലനം നടത്തിയ കാലം. 2. കാലം: ഒരിക്കൽ. 3. സംഭവ വികാസം: ദേശത്തു ക്ഷാമം ഉണ്ടായി. 4. സ്ഥലം: യെഹൂദയിലെ ബേത്ത്ലേഹേം. 5. പശ്ചാത്തലം: മോവാബ്ദേശം 6. കഥാപാത്രങ്ങൾ: ഒരാളും തന്റെ ഭാര്യയും രണ്ടു പുത്രന്മാരും. 7. കഥാതന്തു: പരദേശിയായി പാർപ്പാൻ പോയി.

ഇത്രയും പറഞ്ഞിട്ടാണ് താഴെ വിവരണം ഉള്ളത്. ഈ പുസ്തകം മുഴുവനായും വായിച്ചു നോക്കുമ്പോൾ നിരാശയിൽ ഇപ്പോൾ കഴിയുന്ന നിങ്ങൾക്ക് പ്രതീക്ഷ നൽകുന്ന ധാരാളം ആശയങ്ങൾ ഇതിൽ ഉണ്ട്. ഇതിലെ സംഭവവികാസം ക്ഷാമം ഉണ്ടായി എന്നതാണ്. ഇന്നത്തെ നമ്മുടെ ഏറ്റവും വലിയ പ്രശ്നം ക്ഷാമം ആണ്. അപ്പോൾ തന്നെ ക്ഷേമം ഉള്ള ഒരു നാട് അപ്പുറത്ത് ഉണ്ട്. തകർന്നടിഞ്ഞ ഒരു കുടുംബം ഇപ്പുറത്ത് ഉള്ളപ്പോൾ അപ്പുറത്ത് സുഖം അനുഭവിക്കുന്നവരും ഉണ്ട്. തകർന്നടിഞ്ഞ ദാമ്പത്യജീവിതം നയിക്കുന്നവർ കൊതിക്കുന്നത് അപ്പുറത്ത് പോയാൽ സുഖജീവിതം ലഭിക്കും എന്നാണ്. അതുകൊണ്ട് ധാരാളം ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരെ ഉപേക്ഷിച്ചു പണവും പ്രതാപവും ഉള്ള ഇരട്ടി പ്രായം ഉള്ളവന്റെകൂടെയായാലും ഒന്ന് പോകാൻ കൊതിക്കും. എത്രയോ ഭർത്താക്കന്മാർ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ മറ്റ് കുടുംബിനികളെ പിണക്കിപ്പിരിച്ചു കൂടെ ചേർത്തിട്ടുണ്ട്. ആ മത്സരത്തിൽ ഇപ്പോൾ കേരളം വളരെ മുന്നിലായി ഓടിക്കൊണ്ടിരിക്കുന്നു. ഭർത്താവിനെ ഉപേക്ഷിക്കുന്ന ഭാര്യമാരുടെ എണ്ണം കൂടുന്നു. അതുകൊണ്ടാണ് ഇന്നത്തെ ലേഖനം അല്പം പ്രസക്തമാകുന്നത്.

ക്ഷാമം വന്നപ്പോൾ ഭർത്താവ് കുഴങ്ങി. ക്ഷേമം നോക്കി മോവാബ് ദേശത്തേക്ക് പോകാൻ തീരുമാനിച്ചു. ഭർത്താവിന്റെ കൂടെ മക്കളേയും കൂട്ടി ഇറങ്ങി പുറപ്പെടാൻ ഭാര്യ തീരുമാനിച്ചു. അന്ന് അവൾ ഒടക്കിയിരുന്നു എങ്കിൽ ഈ സംഭവം ഇങ്ങനെ പോകില്ല. നമുക്ക് ഒരു നല്ല രൂത്തിനെ കിട്ടില്ല. രൂത്തിന്റെ പുസ്തകവും കിട്ടില്ല. വിവാഹ സമയത്തു ചെയ്ത പ്രതിജ്ഞയും, ഉടമ്പടിയും ഭാര്യമാർ ലംഘിക്കുന്നതിനാൽ നമുക്ക് നഷ്ടമാകുന്ന മുതലുകൾ ചെറുതല്ല.

ഭർത്താവിനെ അനുസരിക്കാതെ കൂടെ ഇറങ്ങി പുറപ്പെടാൻ നൊവോമിക്ക് എതിരഭിപ്രായം ഉണ്ടായില്ല. ഭർത്താക്കന്മാരെ അനുസരിക്കാത്ത ഇന്നത്തെ ഭാര്യമാർ ചിലപ്പോൾ പറയും കെട്ട്യോൻ പറയണ കേട്ട് തുള്ളീട്ട് നൊവോമിക്ക് എന്ത് കിട്ടി?.അവിടെ ജീവിതം പരമ സുഖം ആയിരുന്നു എന്നാണ് എന്റെ ഒരു ധാരണ. രണ്ട് ആൺമക്കളും വിവാഹിതരും ആയി. പെട്ടന്നാണ് എലിമേലേക്കിന്റെ മരണം, തുടർന്ന് മഹ്ലോനും, കില്യോനും മരിക്കുന്നു. അമ്മായിയമ്മയും രണ്ട് മരുമക്കളും ശേഷിക്കുന്നു. ഇപ്പോൾ കഥയിൽ കേവലം 3 പേര് മാത്രം.

ഇതിൽ ഒരുത്തി ഒർപ്പ അവളും തിരിച്ചു വീട്ടിലേക്ക് പോയി. നിങ്ങൾ വേണമെങ്കിൽ അവളെ പിന്മാറ്റക്കാരി എന്ന് വിളിച്ചോളൂ. എനിക്ക് അങ്ങിനെ വിളിക്കാൻ തോന്നുന്നില്ല. അവളും അമ്മായിയമ്മയോട് കൂടെ പോരാൻ തീരുമാനിച്ചതായിരുന്നു. അമ്മായിയാമ്മയുടെ ന്യായവാദം കേട്ടപ്പോൾ, ഇനിയും ഒരുവനെ കല്യാണം കഴിച്ചു മറ്റൊരാളുടെ ഭാര്യയായി ജീവിക്കാം എന്ന് അമ്മായിയമ്മയുടെ അനുഗ്രഹവും താല്പര്യവും കൂടെ ആയപ്പോൾ എന്നാൽ അങ്ങിനെ ആയിക്കൊള്ളട്ടെ എന്നങ്ങു തീരുമാനിച്ചു എന്നുമാത്രം.

എന്നാൽ രൂത്ത് എന്ന പുസ്തകം ഒന്നാം അദ്ധ്യായം അവസാനിക്കുന്നത് നമുക്ക് വാക്യം 19 മുതൽ വായിക്കാം. അങ്ങനെ അവർ രണ്ടുപേരും ബേത്ത്ലേഹെംവരെ നടന്നു; അവർ ബേത്ത്ലേഹെമിൽ എത്തിയപ്പോൾ പട്ടണം മുഴുവനും അവരുടെനിമിത്തം ഇളകി; ഇവൾ നൊവൊമിയോ എന്നു സ്ത്രീജനം പറഞ്ഞു. അവൾ അവരോടു പറഞ്ഞതു: നൊവൊമി എന്നല്ല മാറാ എന്നു എന്നെ വിളിപ്പിൻ; സർവ്വശക്തൻ എന്നോടു ഏറ്റവും കൈപ്പായുള്ളതു പ്രവർത്തിച്ചിരിക്കുന്നു. നിറഞ്ഞവളായി ഞാൻ പോയി, ഒഴിഞ്ഞവളായി യഹോവ എന്നെ മടക്കി വരുത്തിയിരിക്കുന്നു; യഹോവ എനിക്കു വിരോധമായി സാക്ഷീകരിക്കയും സർവ്വശക്തൻ എന്നെ ദുഃഖിപ്പിക്കയും ചെയ്തിരിക്കെ നിങ്ങൾ എന്നെ നൊവൊമി എന്നു വിളിക്കുന്നതു എന്തു?.

ഇങ്ങനെ നൊവൊമി മോവാബ്ദേശത്തുനിന്നു കൂടെ പോന്ന മരുമകൾ രൂത്ത് എന്ന മോവാബ്യസ്ത്രീയുമായി മടങ്ങിവന്നു; അവർ യവക്കൊയ്ത്തിന്റെ ആരംഭത്തിൽ ബേത്ത്ലേഹെമിൽ എത്തി. പോയ സ്ഥലത്ത് തിരിച്ചെത്തി.

ഇത് ഞങ്ങളുടെയും അനുഭവം ആണ്. അല്പകലത്തേക്ക് നമുക്ക് നേരിടുന്ന കഷ്ടനഷ്ടങ്ങളെ നേരിടാൻ ബുദ്ധിമുട്ടുമ്പോൾ അല്പം അകലെയ്ക്ക് അല്പം സ്വസ്ഥതയ്ക്ക് വേണ്ടി മാറും. എങ്കിലും ദേശത്തു സമൃദ്ധി ഉണ്ടാക്കി അവിടേക്ക് മടക്കി വരുത്താൻ കഴിവുള്ള, ക്ഷമയുള്ള, കരുണയുള്ള ഒരു ദൈവം നമുക്കുണ്ട്.

രൂത്ത് എന്ന പുസ്തകത്തിന്റെ പ്രത്യേകത എന്തെന്നാൽ വാക്യം 6 ആയപ്പോഴേക്കും, കേവലം ആദ്യ അദ്ധ്യായത്തിലെ അഞ്ചേ അഞ്ച് വാക്യങ്ങൾ കഴിഞ്ഞപ്പോഴേക്കും കാര്യങ്ങൾ ആകെ മാറി മറിഞ്ഞു. വാക്യം 6 ൽ യഹോവ തന്റെ ജനത്തെ സന്ദർശിച്ചു ആഹാരം കൊടുത്തപ്രകാരം അവൾ മോവാബ്ദേശത്തുവെച്ചു കേട്ടിട്ടു മോവാബ്ദേശം വിട്ടു മടങ്ങിപ്പോകുവാൻ തന്റെ മരുമക്കളോടുകൂടെ പുറപ്പെട്ടു. യഹോവയായ ദൈവം ഇന്നല്ലെങ്കിൽ നാളെ തന്റെ ജനത്തെ സന്ദർശിക്കും. ആഹാരം കൊടുക്കും. ഇത് കേട്ട നമ്മൾ മടങ്ങി വരാൻ തീരുമാനിച്ചില്ല എങ്കിൽ ഈ അനുഗ്രഹങ്ങൾ നമുക്ക് അനുഭവിക്കാൻ കഴിയില്ല. അതുകൊണ്ട് ആരെങ്കിലും ഇനിയും ഏതെങ്കിലും ബന്ധനത്തിൽ ഉണ്ടെങ്കിൽ മടങ്ങിപ്പോകുവാൻ തീരുമാനിക്കുക പുറപ്പെടുക.

# ഒരു ഡെലിവറി ബോയ്

പി. റ്റി. കോശിയച്ചൻ

ഓർഡർ അനുസരിച്ച് ഭക്ഷണം എത്തിച്ചു കൊടുക്കുന്ന ഒരു യുവാവ്, ഒരു സ്ത്രീയുടെ ഓർഡർ പ്രകാരം അവരുടെ വീട്ടു വാതിൽക്കൽ എത്തി ഗേറ്റിലെ ബെല്ലടിച്ചു. ആ സ്ത്രീ വന്ന് ഭക്ഷണ പായ്ക്കറ്റ് വാങ്ങി പുറം കവർ തുറന്നു നോക്കിയപ്പോൾ ഏതോ കറി അല്പം തൂകിയിട്ടുണ്ടെന്നു മനസ്സിലായി. അവളത് ആ യുവാവിനെ തിരികെ ഏൽപ്പിച്ചു. അവൻ എന്തോ പറഞ്ഞു വീണ്ടും അത് അവളുടെ കയ്യിൽ കൊടുത്തു. അവൾ വീണ്ടും അത് നോക്കിയിട്ട് അവനെ തിരികെ ഏൽപ്പിക്കാൻ ശ്രമിച്ചെങ്കിലും അവനത് വാങ്ങിയില്ല. അവൾ ദേഷ്യത്തോടെ ആ പായ്ക്കറ്റ് റോഡിലേക്ക് വലിച്ചെറിഞ്ഞിട്ട് അകത്തേക്ക് കയറി പ്പോയി. ഒരു നിമിഷം നിശ്ചലനായി നിന്നിട്ട് ആ യുവാവ് ഗേറ്റിന്റെ മുൻഭാഗം ക്ലീൻ ചെയ്യാൻ തുടങ്ങി. അപ്പോൾ അതാ ഒരു സ്വർണ്ണ ചെയിൻ കിടക്കുന്നു. അവൻ അതെടുത്തു വീണ്ടും ആ സ്ത്രീയെ വിളിച്ചു. രണ്ടുമൂന്നു പ്രാവശ്യം ബെല്ലടിച്ചപ്പോൾ കോപത്തോടെ ആ സ്ത്രീ ഇറങ്ങി വന്നു. അവൻ ആ ചെയിൻ അവരെ ഏൽപ്പിച്ചു. അവൾ അതുകണ്ട് ആശ്ചര്യപ്പെട്ടു! അത് തന്റെ കഴുത്തിൽ കിടന്ന സ്വർണ്ണ ചെയിൻ എന്നു മനസ്സിലാക്കി. പെട്ടെന്ന് അവളുടെ ഭാവം മാറി. അവൾ യുവാവിന് മുന്നിൽ കൈകൾ കൂപ്പി. അവൻ വീണ്ടും അവിടം ക്ലീൻ ചെയ്യുമ്പോൾ അവൾ അവനെ തടഞ്ഞു താൻ അത് ചെയ്തു കൊള്ളാം എന്ന് പറഞ്ഞു. അവന്റെ കൈകൾ വൃത്തിയാക്കുവാൻ അവൾ വെള്ളം കൊണ്ടുവന്ന് ഒഴിച്ചു കൊടുത്തു. അവന് കുടിപ്പാൻ പാനീയവും ഭക്ഷണത്തിന്റെ വിലയും നൽകി ആദരവോടെ യാത്രയാക്കി.

ആ ഡെലിവറി ബോയ്ക്ക് തന്നോട് ധിക്കാരത്തോട് ഇടപെട്ട ആ സ്ത്രീയുടെ ഗേറ്റിന് മുൻവശം റോഡ് ക്ലീൻ ചെയ്യേണ്ട യാതൊരു ചുമതലയും ഉണ്ടായിരുന്നില്ല. ആ മാല കിട്ടിയപ്പോൾ അവർക്കിതു വരണം എന്ന ചിന്തയോടെ അതും കൊണ്ട് സ്ഥലം വിടാമായിരുന്നു. എന്നാൽ ഇവിടെ ശ്രേഷ്ഠ സ്വഭാവമുള്ള ഒരു യുവാവിനെയാണ് നാം കാണുന്നത്. ആ യുവാവിന്റെ സ്വഭാവ ശ്രേഷ്ഠതയും സൗമ്യതയും ശുശ്രൂഷാമനോഭാവവും സത്യസന്ധതയും ഒരു ധിക്കാരിയുടെ മനോഭാവത്തെ ആകമാനം രൂപാന്തരപ്പെടുത്തുവാൻ ഇടയായി. ഇത് ആർക്കും ഉൾക്കൊള്ളുവാൻ കഴിയുന്ന ഒരു ഭാവമാണ്. എന്നാൽ പലർക്കും, താഴ്മയുള്ളവർ ആകുവാൻ പ്രയാസമാണ്. ധിക്കാരത്തോട് ഭക്ഷണം വലിച്ചെറിഞ്ഞ് പണവും നൽകാതെ കയറിപ്പോയ സ്ത്രീയുടെ ഗേറ്റിനു മുൻവശം ക്ലീൻ ചെയ്യുവാൻ വേറെ ആളിനെ അന്വേഷിക്കട്ടെ എന്ന ഭാവമല്ലേ നമുക്കൊക്കെ ഉണ്ടാവുക? മാത്രമല്ല, കോപത്തോടെ ഭക്ഷണം വലിച്ചെറിഞ്ഞപ്പോൾ അവരറിയാതെ മാല പൊട്ടിപ്പോയ മാല കൊണ്ടു പോകുന്നത് അവരോട് പ്രതികാരം ചെയ്യാനുള്ള ഒരു സന്ദർഭമായി നാം കരുതിയേക്കാം. എന്നാൽ അവന്റെ വിനയവും സത്യസന്ധതയും ആ യുവതിയെ രൂപാന്തരപ്പെടുത്തുവാൻ ഇടയായി എന്നത് എത്ര ശ്രേഷ്ഠം! അത് മറ്റേതു നേട്ടത്തേക്കാളും പ്രാധാന്യമർഹിക്കുന്നതല്ലേ? ഭൗതിക നേട്ടങ്ങൾ കൈവരിക്കുക എന്നതിനേക്കാൾ നമ്മുടെ ജീവിതം മറ്റൊരാളുടെ രൂപാന്തരത്തിന് മുഖാന്തരം ആകുന്നെങ്കിൽ അതല്ലേ ജീവിതം മഹത്വം? അക്രമവും അനീതിയും കൊലയും തുടങ്ങി നാനാ വിധ പ്രശ്നങ്ങളാൽ കലുഷിതമായ നമ്മുടെ സമൂഹത്തിൽ വ്യക്തികളുടെ ജീവിതത്തിന് രൂപാന്തരം ഉണ്ടാവണം എന്നത് എത്ര വലിയ ആവശ്യമാണ്! നമ്മുടെ ജീവിതം അതിനു സഹായകരം ആകുക എന്നത് ഈ ജീവിതം കൊണ്ട് സാധിക്കാവുന്നതിലേക്കും ശ്രേഷ്ഠമാണ്! എന്നാൽ നാം മഹത്തായ ആളത്തത്തിന്റെ ഉടമകൾ ആണെങ്കിൽ മാത്രമേ അത് സാധ്യമാവൂ. അതിനായി നമുക്ക് സജ്ജമാകാം.



"അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."



ജോൺസൻ
വുഡ്ലാന്റ്സ്



# യോനാ ക്രിസ്തുവിന്റെ ഒരു പതിപ്പ്

**രചയിതാവ്:** യോനാ 1:1 യോനാ പ്രവാചകന്റെ കഥയാണ് ഈ പുസ്തകത്തിന്റെ പ്രമേയം. പുസ്തകം മൂന്നാമത്തെ വ്യക്തി എഴുതിയതാണെങ്കിലും, പരമ്പരാഗത വീക്ഷണം യോനായാണ് പുസ്തകത്തിന്റെ രചയിതാവ് എന്നതാണ്. ഒരു അജ്ഞാത എഴുത്തുകാരനെക്കുറിച്ച് സിദ്ധാന്തിക്കാൻ പ്രേരകമായ കാരണങ്ങളൊന്നുമില്ല.

**ആമുഖം:** നിനെവെ യിസ്രേൽ രാജ്യത്തിന്റെ വാടക്ക് കിഴക്കാണ്, തർശീശ് പടിഞ്ഞാറേ ഭാഗത്തും. നിനെവേയിൽ ഉള്ള ജനങ്ങളോട് അവരുടെ ദുഷ്ടത വിട്ടു തിരിയുവാൻ പ്രസംഗിക്കണമെന്നൊരു നിയോഗം ദൈവം യോനക്കു നൽകുന്നു. യോനായുടെ അതിരുകടന്ന ദേശസ്നേഹമായിരിക്കണം ആ കൽപ്പന അനുസരിക്കാതിരിക്കുവാൻ അവനെ പ്രരിപ്പിച്ചത്. അസ്സീറിയൻ സാമ്രാജ്യത്തിന്റെ സ്ഥലസ്ഥാനമായിരുന്നു നിനെവെ പട്ടണം. അസ്സീറിയ യിസ്രായേലിനു എന്നും ഒരു ഭീഷണിയായിരുന്നു. അവരുടെ പാപങ്ങളുടെ ശിക്ഷയായിരുന്നു യിസ്രായേലിനോടുള്ള ശത്രുതയാലും അവർ നാശമടയണമെന്നായിരിക്കും യോനാ ആഗ്രഹിച്ചത്. അതിനാൽ എതിർ ദിശയിലേക്കുള്ള തർശീശിലേക്കു കപ്പലിൽ യാത്ര പുറപ്പെട്ട യോനയെ കടൽ ക്ഷോഭത്തിൽ നിന്ന് രക്ഷപ്പെടുവാൻ വേണ്ടി കപ്പൽക്കാർ കടലിൽ എറിഞ്ഞു കളയുന്നു. അവിടെയും യോനയെ സംരക്ഷിക്കുവാൻ ഒരു മഹാമത്സ്യത്തെ ദൈവം ഏർപ്പാട് ചെയ്യുന്നു. ആ മഹാമത്സ്യം യോനയെ വിഴുങ്ങുന്നു. അതിന്റെ വയറ്റിൽ കിടന്നു യോനാ ദൈവത്തോട് പ്രാർത്ഥിക്കുന്നു. ലോകത്തിൽ ഒരിക്കലും ഒരാളും പ്രാർത്ഥിച്ചിട്ടില്ലാത്ത ആ സ്ഥലത്തു വച്ചുള്ള യോനായുടെ പ്രാർത്ഥനക്കു ദൈവം മറുപടി നൽകുന്നു. മത്സ്യം യോനയെ കടൽക്കരയിലേക്കു ഛർദ്ദിച്ചു കഴിഞ്ഞപ്പോൾ ദൈവകൽപ്പന അനുസരിക്കുവാൻ യോനാ തീരുമാനിക്കുന്നു. 'ഇനിയും നാൽപ്പതു ദിവസം കഴിഞ്ഞാൽ നിനവെക്കു ഉന്മൂലനം ഭവിക്കും' എന്ന ഒറ്റ വക്കിൽ സംക്ഷേപിക്കുവുന്ന ഈ പ്രസംഗത്തെ തുടർന്ന് ലോകചരിത്രത്തിൽ തന്നെ അസാധാരണമായ ഒരു മാനസാന്തരമാണ് സംഭംവച്ചത്. ഒരു നഗരം തിന്മവിട്ടു ഉപവാസത്തിലേക്കും പ്രാർത്ഥനയിലേക്കും തദ്വാര നീതിയിലേക്കും തിരിയുന്നു. എത്ര ഫലപ്രദമായ ഒരു പ്രസംഗ ശുശ്രുഷ! എന്നിട്ടും പ്രസംഗ കർത്താവു നിരാശനും കുപിതനുമായി തീരുന്നതു എന്തൊരു വിരോദാഭാസമാണ്! ദൈവ ഹൃദയം എത്ര അനുകമ്പാപൂർണമാണെന്ന സത്യം യോനാ പിന്നെയും മനസ്സിലാക്കേണ്ടതായിട്ടാണ് വരുന്നത്.

**എഴുതിയ തീയതി:** യോനായുടെ പുസ്തകം 793 നും 758 നും ഇടയിൽ എഴുതപ്പെട്ടിരിക്കാം.

**എഴുത്തിന്റെ ഉദ്ദേശം:** അനുസരണക്കേടും നവോത്ഥാനവുമാണ് ഈ പുസ്തകത്തിലെ പ്രധാന വിഷയങ്ങൾ. തിമിംഗലത്തിന്റെ വയറ്റിൽ യോനയുടെ അനുഭവം. അസാധാരണമായ ഈ പിൻവാങ്ങലിനിടെ അവൻ അനുതപിക്കുന്നതിനാൽ, ഒരു അസാധാരണമായ വിടുതൽ തേടാനുള്ള അതുല്യമായ അവസരം അവനു പ്രദാനം ചെയ്യുന്നു. പ്രാരംഭ അനുസരണക്കേട് അവന്റെ വ്യക്തിപരമായ പുനരുജ്ജീവനത്തിലേക്ക് മാത്രമല്ല, നിനവേക്കാരുടെ പുനരുജ്ജീവനത്തിലേക്കും നയിക്കുന്നു. യോനാ നിനവേയിലേക്ക് കൊണ്ടുവരുന്ന നവോത്ഥാനത്തെ എക്കാലത്തെയും വലിയ സുവിശേഷ പ്രവർത്തനങ്ങളിലൊന്നായി പലരും തരംതിരിക്കുന്നു.

**പ്രധാന വാക്യങ്ങൾ:** യോനാ 1:3, "എന്നാൽ യോനാ യഹോവയുടെ സന്നിധിയിൽനിന്നു തർശീശിലേക്കു ഓടിപ്പോകേണ്ടതിന്നു പുറപ്പെട്ടു യാഫോവിലേക്കു ചെന്നു, തർശീശിലേക്കു പോകുന്ന ഒരു കപ്പൽ കണ്ടു കൂലി കൊടുത്തു യഹോവയുടെ സന്നിധിയിൽനിന്നു അവരോടുകൂടെ തർശീശിലേക്കു പോയ്ക്കളവാൻ അതിൽ കയറി.'' യോനാ 1:17, "അനന്തരം അവർ: വരുവിൻ; ആരുടെ നിമിത്തം ഈ അനർത്ഥം നമ്മുടെമേൽ വന്നിരിക്കുന്നു എന്നറിയേണ്ടതിനു നാം ചീട്ടിടുക എന്നു തമ്മിൽ തമ്മിൽ പറഞ്ഞു. അങ്ങനെ അവർ ചീട്ടിട്ടു; ചീട്ട് യോനായ്ക്കു വീണു.'' യോനാ 2:2, "അനന്തരം അവർ: വരുവിൻ; ആരുടെ നിമിത്തം ഈ അനർത്ഥം നമ്മുടെമേൽ വന്നിരിക്കുന്നു എന്നറിയേണ്ടതിനു നാം ചീട്ടിടുക എന്നു തമ്മിൽ തമ്മിൽ പറഞ്ഞു. അങ്ങനെ അവർ ചീട്ടിട്ടു; ചീട്ട് യോനായ്ക്കു വീണു.'' യോനാ 3:10, "അവർ ദുർമാർഗം വിട്ടു തിരിഞ്ഞു എന്നു ദൈവം അവരുടെ പ്രവൃത്തികളാൽ കണ്ടപ്പോൾ താൻ അവർക്കു വരുത്തും എന്ന് അരുളിച്ചെയ്തിരുന്ന അനർത്ഥത്തെക്കുറിച്ചു ദൈവം അനുതപിച്ച് അതു വരുത്തിയതുമില്ല.''

**സംക്ഷിപ്ത സംഗ്രഹം:** യോനായുടെ ഭയവും അഭിമാനവും അവനെ ദൈവത്തിൽ നിന്ന് ഓടിപ്പോകാൻ പ്രേരിപ്പിക്കുന്നു. ദൈവം കൽപിച്ചതുപോലെ നിനവേയിൽ പശ്ചാത്താപം പ്രസംഗിക്കാൻ അവൻ ആഗ്രഹിക്കുന്നില്ല. കാരണം അവരെ തന്റെ ശത്രുക്കളായാണ് കണ്ടത് തോന്നുന്നു. കൂടാതെ നഗരത്തെ നശിപ്പിക്കാനുള്ള തന്റെ ഭീഷണി ദൈവം നടപ്പാക്കില്ലെന്നും ഒരു ബോധ്യം തനിക്കുണ്ട്. പകരം അവൻ എതിർദിശയിലുള്ള തർശശീശിലേയ്ക്ക് ഒരു കപ്പലിൽ കയറുന്നു. താമസിയാതെ ഒരു വലിയ കൊടുങ്കാറ്റ് അടിക്കുകയും, കപ്പൽ ഉദ്ദോഗസ്ഥരും സഹയാത്രികരും നറുക്കെടുപ്പ് നടത്തുകയും യോനായാണ് പ്രശ്നക്കാരൻ എന്ന് നിർണ്ണയിക്കുകയും ചെയ്തു. അവർ അവനെ കടലിലേക്ക് എറിയുന്നു. ഒരു വലിയ മത്സ്യം അവനെ വിഴുങ്ങുന്നു. 3 പകലും 3 രാത്രിയും വയറ്റിൽ യോനാ ദൈവത്തോട് തന്റെ പാപത്തെക്കുറിച്ച് അനുതപിക്കുന്നു. മത്സ്യം അവനെ ഉണങ്ങിയ നിലത്ത് ഛർദ്ദിക്കുന്നു. (മാനസാന്തരപ്പെടാൻ അദ്ദേഹം ഇത്രയും സമയം എടുത്തത് എന്താണെന്നത് അത്ഭുതപ്പെടുന്നു). യോനാ പിന്നീട് നിനെവേയിലേക്ക് 500 മൈൽ യാത്ര നടത്തുകയും നഗരത്തെ ഒരു വലിയ പുനരുജ്ജീവനത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. എന്നാൽ നിനവേ പശ്ചാത്തപിക്കുമ്പോൾ നന്ദി പറയുന്നതിനുപകരം പ്രവാചകൻ അസംതൃപ്തനാകുകയാണ് ചെയ്തത് (യഥാർത്ഥത്തിൽ മുഷിയുന്നു). താൻ കരുണയുള്ളവനാണെന്ന് പഠിപ്പിക്കാൻ ദൈവം ഒരു കാറ്റിനെയും, ഒരു ആവണക്കിനേയും, ഒരു പുഴുവിനെയും ഉപയോഗിക്കുമ്പോൾ, യോനാ തന്റെ പാഠം പഠിക്കുന്നു.

> **സുവിശേഷത്തിന്റെ സൗജന്യ ഓഫർ എല്ലാ കാലത്തും എല്ലാ ആളുകൾക്കും വേണ്ടിയുള്ളതാണ്. ക്രിസ്ത്യാനികൾ എന്ന നിലയിൽ നമ്മുടെ ദൗത്യം, ദൈവം ലോകത്തോട് വാഗ്ദാനം ചെയ്യുന്നതും മറ്റുള്ളവരുടെ രക്ഷയിൽ സന്തോഷിക്കുന്നതുമായ മാർഗമാണ്.**

**നിഴലുകൾ:** യോനാ ക്രിസ്തുവിന്റെ ഒരു പതിപ്പാണെന്നു ആണെന്ന് യേശുവിന്റെ സ്വന്തം വാക്കുകളിൽ നിന്ന് വ്യക്തമാണ്. മത്തായി 12:40–41–ൽ, യോനാ തിമിംഗലത്തിന്റെ വയറ്റിൽ ഉണ്ടായിരുന്ന അതേ സമയം താൻ ശവക്കുഴിയിലായിരിക്കുമെന്ന് യേശു പ്രഖ്യാപിക്കുന്നു. നീനെവേക്കാർ യോനായുടെ പ്രസംഗത്തിനു മുന്നിൽ അനുതപിച്ചപ്പോൾ, യേശുവിനെ നിരസിച്ച പരീശന്മാരും ശാസ്ത്രിമാരും യോനായെക്കാൾ വലിയവനെ തിരസ്കരിക്കുകയായിരുന്നുവെന്ന് അദ്ദേഹം തുടർന്നു പറയുന്നു. മാനസാന്തരത്തെയും രക്ഷയെയും കുറിച്ചുള്ള ദൈവത്തിന്റെ സത്യം യോനാ നിനെവേക്കാരിലേക്ക് കൊണ്ടുവന്നതുപോലെ, യേശുവും അതേ സന്ദേശം (യോനാ 2:9; യോഹന്നാൻ 14:6) ദൈവത്തിലൂടെ മാത്രം (റോമർ 11:36) കൊണ്ടുവരുന്നു.

**ഗുണപാഠം:** നമുക്ക് ദൈവത്തിൽ നിന്ന് ഒന്നും മറയ്ക്കാൻ കഴിയില്ല. നമ്മുടെ എല്ലാ എതിർപ്പുകളെയും കാലുവാരലും അവഗണിച്ച് അവൻ നമ്മിലൂടെ നിറവേറ്റാൻ ആഗ്രഹിക്കുന്നത് നിവർത്തിക്കും. എഫെസ്യർ 2:10 നമ്മെ ഓർമ്മിപ്പിക്കുന്നത് അവനു നമുക്കുവേണ്ടി പദ്ധതികൾ ഉണ്ടെന്നും നാം ആ പദ്ധതികളോട് പൊരുത്തപ്പെടാൻ നോക്കുമെന്നും. യോനായെപ്പോലെയല്ല, കാലതാമസമില്ലാതെ നാം അവനു കീഴ്പ്പെട്ടാൽ അത് എത്ര എളുപ്പമായിരിക്കും!

നമ്മുടെ പ്രശസ്തി, ദേശീയത അല്ലെങ്കിൽ വംശം എന്നിവ പരിഗണിക്കാതെ എല്ലാവർക്കുമായുള്ള അവന്റെ പ്രവേശനക്ഷമതയിൽ ദൈവത്തിന്റെ സ്നേഹം പ്രകടമാകുന്നു. സുവിശേഷത്തിന്റെ സൗജന്യ ഓഫർ എല്ലാ കാലത്തും എല്ലാ ആളുകൾക്കും വേണ്ടിയുള്ളതാണ്. ക്രിസ്ത്യാനികൾ എന്ന നിലയിൽ നമ്മുടെ ദൗത്യം, ദൈവം ലോകത്തോട് വാഗ്ദാനം ചെയ്യുന്നതും മറ്റുള്ളവരുടെ രക്ഷയിൽ സന്തോഷിക്കുന്നതുമായ മാർഗമാണ്. "അവസാന നിമിഷത്തെ പരിവർത്തനങ്ങളിൽ'' ക്രിസ്തുവിലേക്ക് വരുന്നവരോട് അല്ലെങ്കിൽ നമ്മുടേതിന് വിപരീതമായ സാഹചര്യങ്ങളിലൂടെ കടന്നുപോകുന്നവരോട് അസൂയയോ നീരസമോ ഉണ്ടാകാതെ, നാം അവനുമായി പങ്കിടാൻ ദൈവം ആഗ്രഹിക്കുന്ന ഒരു അനുഭവമാണിത്.

# ഒരു ഹ്യസ്വ യാത്ര

ഒരു ദിവസം മധ്യവയസ്കിയായ ഒരു സ്ത്രീ, ഒരു ബസിൽ യാത്ര ചെയ്യുക യായിരുന്നു. അവർ തനിയെ രണ്ടു പേർക്ക് ഇരിക്കാവുന്ന ഒരു സീറ്റിൽ ഇരിക്കുകയായിരുന്നു. കുറച്ചു കഴിഞ്ഞ് ഒരു യുവതി കയ്യിൽ കുറെ സാമാനങ്ങളുമായി ആ ബസ്സിൽ കയറി ഈ സ്ത്രീയോടൊപ്പം ഇരുന്നു. ലാഗേജ് താഴ്ത്തി വയ്ക്കുമ്പോഴും ടിക്കറ്റ് ചാർജ് കൊടുക്കുമ്പോഴും മറ്റു പല സന്ദർഭത്തിലും ഈ യുവതി ആ മധ്യവയസ്കയെ മുട്ടുവാനും ഇടിക്കുവാനും ഒക്കെ ഇടയായി. എന്നാൽ അവർ ദേഷ്യപ്പെടുകയോ ഏതെങ്കിലും വിധത്തിൽ നീരസം പ്രകടിപ്പിക്കുകയോ ചെയ്തില്ല. ഇത് ആ യുവതിക്ക് തന്നെ അതിശയമായി. കുറച്ചു കഴിഞ്ഞപ്പോൾആ യുവതി പറഞ്ഞു, ഞാൻ പല പ്രാവശ്യം നിങ്ങളെ മുട്ടുവാൻ ഇടയായല്ലോ. ഞാൻ വിചാരിച്ചു നിങ്ങൾ ദേഷ്യപ്പെടുമായിരിക്കും എന്ന്. എന്നാൽ നിങ്ങൾ ഒരു നീരസവും പ്രകടിപ്പിച്ചില്ലല്ലോ. വളരെ സന്തോഷം. മധ്യവയസ്ക പറഞ്ഞു. അല്പം കഴിയുമ്പോൾ ഞാൻ ഈ ബസ്സിൽ നിന്ന് ഇറങ്ങും. നാം ഇരുവരും കൂടിയുള്ള യാത്ര വളരെ ചുരുങ്ങിയ സമയത്തേക്ക് മാത്രമാണല്ലോ. അതിനിടയിൽ എന്തിനാണ് നാം തമ്മിൽ കലഹിക്കുന്നത്. അല്പം കഴിഞ്ഞ് ആ സ്ത്രീ ഇറങ്ങുകയും ചെയ്തു.

ആ സ്ത്രീ പറഞ്ഞത് എത്ര സത്യം! ഈ ലോകത്തിൽ നമ്മോടൊപ്പം അനേക സഹയാത്രികരുണ്ട്. എന്നാൽ അവരെല്ലാവരും ചുരുങ്ങിയ സമയം മാത്രമേ നമ്മോടൊപ്പം ഉണ്ടായിരിക്കൂ. അതിനിടയിലാണ് നാം പലവിധ കലഹങ്ങളിലും വാഗ്വാദങ്ങളിലും വ്യവഹാരങ്ങളിലും ഒക്കെ ഏർപ്പെടുന്നത്. എന്തിനുവേണ്ടിയാണ്? ആർക്കറിയാം! അല്പം ബുദ്ധിമുട്ട് സഹിക്കുവാനുള്ള വൈമനസ്യമാണ് മിക്ക പ്രശ്നങ്ങളുടെയും കാരണം. നമ്മുടെ മക്കൾക്ക് വേണ്ടിയോ, നാം സ്നേഹിക്കുന്ന ആർക്കെങ്കിലും വേണ്ടിയോ എന്തെല്ലാം ബുദ്ധിമുട്ടും ത്യാഗവും സഹിക്കുന്നവരാണ് നാം. കുഞ്ഞുങ്ങൾ നമ്മെ അടിക്കുകയോ ഇടിക്കുകയോ ഒക്കെ ചെയ്താലും നാം ചിരിച്ചുകൊണ്ട് അതെല്ലാം സഹിക്കില്ലേ? അപ്രകാരം നമ്മുടെ സഹയാത്രികർ അറിയാതെയോ അവരുടെ അജ്ഞത മൂലമോ നമുക്ക് വേദനാജനകമായ എന്തെങ്കിലും പ്രവർത്തിച്ചാൽ അത് സന്തോഷപൂർവ്വം സഹിക്കുന്നതല്ലേ നല്ലത്? അപ്പോൾ നാം ചോദിച്ചേക്കും അറിവുള്ളവർ അങ്ങനെ ചെയ്താലോ എന്ന്? എല്ലാവരുടെയും അറിവ് ചില കാര്യങ്ങളിൽ മാത്രമാണ് എന്നോർക്കുക. ഡോക്ടറേറ്റ് ഉള്ള ഒരു വ്യക്തി അദ്ദേഹത്തിന്റെ വിഷയത്തിൽ പോലും പൂർണ്ണനല്ല/പൂർണയല്ല എന്ന് മനസ്സിലാക്കണം. ബ്രഹ്മാണ്ഡമായ ഈ പ്രപഞ്ചത്തിലെ രഹസ്യങ്ങളിൽ സിംഹഭാഗവും നമുക്കാർക്കും അറിവില്ലാത്തതല്ലേ? നമ്മുടെ സ്വന്തം ശരീരത്തിന്റെ അവസ്ഥ പോലും നമുക്ക് അറിയില്ലല്ലോ. അതിനാൽ ആരും ഇതുവരെയും അജ്ഞതയെ പൂർണ്ണമായി കീഴടക്കിയിട്ടില്ല എന്നോർക്കുക. എന്നാൽ നമുക്കെല്ലാവർക്കും ചെയ്യുവാൻ കഴിയുന്ന ഒരു കാര്യമാണ് മറ്റുള്ളവരെ സ്നേഹിക്കുക എന്നത്. സ്നേഹിക്കുന്നവർക്ക് വേണ്ടി അല്പം ത്യാഗം സഹിക്കുന്നതും കുഴപ്പമില്ല. മറ്റുള്ളവരെ സ്നേഹിക്കുവാനും കരുതുവാനും നമുക്കുള്ള വൈമനസ്യം അല്ലേ മിക്ക പ്രശ്നങ്ങളുടെയും കാരണം? സഹയാത്രിയർ ആരായിരുന്നാലും ഒരുമിച്ചുള്ള യാത്ര ചുരുങ്ങിയ സമയത്തേക്ക് മാത്രമല്ലേ ഉള്ളു? ഈ ലോകത്തിൽ എന്നും ജീവിക്കുവാൻ ആർക്കും സാധ്യമല്ലല്ലോ. അതിനാൽ എല്ലാവരെയും സ്നേഹിക്കാം. അപരനുവേണ്ടി അല്പം ബുദ്ധിമുട്ടുകൾ സഹിക്കാം, ക്ഷമിക്കാം. അങ്ങനെ ജീവിതം ധന്യമാവട്ടെ!

"എന്നാൽ യേശു: പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കേണമേ എന്നു പറഞ്ഞു.'' ദൈവം അനുഗ്രഹിക്കട്ടെ. ആമേൻ.

## പാസ്റ്റർ സ്റ്റീഫൻ ടോങ്ങിന് 2025-ലെ കുയ്പ്പർ പ്രൈസ്




**ഇന്തോനേഷ്യ:** കാൽവിൻ യൂണിവേഴ്സിറ്റിയും, കാൽവിൻ തിയോളജിക്കൽ സെമിനാരിയും ചേർന്ന് ജക്കാർത്ത ആസ്ഥാനമായുള്ള സുവിശേഷകനും പാസ്റ്ററുമായ സ്റ്റീഫൻ ടോങ്ങിന് 2025-ലെ കുയ്പ്പർ പ്രൈസ് നൽകും. ഡച്ച് ദൈവശാസ്ത്രജ്ഞനും രാഷ്ട്രീയക്കാരനുമായ എബ്രഹാം കുയ്പ്പറിന്റെ പേരിലുള്ളതാണ് അവാർഡ്. 'സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ പ്രാധാന്യമുള്ള കാര്യങ്ങളിൽ മതപരമായ ഇടപെടൽ സംബന്ധിച്ച കുയ്പറിന്റെ നിയോ-കാൽവിനിസ്റ്റ് കാഴ്ചപ്പാടിന്റെ സവിശേഷതയായ ആശയങ്ങളും മൂല്യങ്ങളും' പ്രതിഫലിപ്പിക്കുന്ന പണ്ഡിതന്മാർക്കോ സമുദായ നേതാക്കൾക്കോ ആണ് അവാർഡ് നൽകുന്നത്. ഇന്തോനേഷ്യ ആസ്ഥാനമാക്കി, 84-കാരനായ ടോങ് തന്റെ വലിയ സുവിശേശിവരാണത്തിലും, നവീകരണ ദൈവശാസ്ത്രത്തിലേക്ക് പലരെയും പരിചയപ്പെടുത്തിയതിനും ചൈനീസ് സംസാരിക്കുന്ന ആളുകളുടെ ഇടയിൽ വളരെ അറിയപ്പെടുന്ന വ്യക്തിയാണ്. തന്റെ 66 വർഷത്തെ ശുശ്രൂഷയിൽ ലോകമെമ്പാടുമുള്ള 37 ദശലക്ഷം ആളുകളോട് അദ്ദേഹം പ്രസംഗിച്ചുവെന്ന് അദ്ദേഹത്തിന്റെ വെബ്സൈറ്റ് പറയുന്നു. 1978-ൽ അദ്ദേഹം സ്റ്റീഫൻ ടോങ് ഇവാഞ്ചലിസ്റ്റിക് മിനിസ്ട്രീസ് ഇന്റർനാഷണൽ സ്ഥാപിച്ചു, തന്റെ സുവിശേഷീകരണ ശ്രമങ്ങളെ പിന്തുണയ്ക്കുന്നതിനായി ലോകമെമ്പാടും ഓഫീസുകലും പ്രവർത്തിക്കുന്നു.

## കാർലോസ് പയൻ: കാതോലിക്യ, പെന്തകൊസ്തു ഐക്യത്തിനായ് പ്രവർത്തിച്ച വ്യക്തി

**ഫ്രാൻസ്:** കത്തോലിക്കരുടെയും മറ്റു ക്രിസ്ത്യൻ ഐക്യത്തെയും സ്നേഹിച്ച കരിസ്മാറ്റിക് പാസ്റ്റർ കാർലോസ് പയൻ നിത്യതയിൽ ചേർക്കപ്പെട്ടു. ആളുകൾ സുഖം പ്രാപിക്കുന്നത് കാണാൻ അഭിനിവേശമുള്ള ഒരു ഫ്രഞ്ച് കരിസ്മാറ്റിക് പാസ്റ്ററായിരുന്നു കാർലോസ് പയൻ. ക്രിസ്ത്യാനികളെ ഒന്നിപ്പിക്കാൻ അദ്ദേഹത്തെ അദ്ദേഹം നടത്തിയ ശ്രമങ്ങൾ വളരെ ശ്ലാഹ നീയമാണ്. ഒക്ടോബർ 12 ന് 61 വയസ്സുള്ളപ്പോൾ ഹൃദയാഘാതം മൂലമാണ് മരിച്ചത്. പ്രൊട്ടസ്റ്റന്റ്, കാത്തലിക്, മെസ്സിയാനിക് ജൂത കമ്മ്യൂണിറ്റികളിൽ നിന്നുള്ള സുഹൃത്തുക്കളുമായി ചേർന്ന് 2003-ൽ അദ്ദേഹം സ്ഥാപിച്ച ശുശ്രൂഷയായ പാരീസ് ടൗട്ട് എസ്റ്റ് പോസിബിൾ (പാരീസ്, എല്ലാം സാധ്യമാണ്) വഴിയാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. എന്റെ നിരവധി യാത്രകളിൽ, ഞാൻ എല്ലായിടത്തും ഒരു വലിയ ആഗ്രഹം



മാത്രം കാത്തുസൂക്ഷിക്കുന്നു. പക്ഷെ അത് സഫലമാകാത്ത അഭിലാഷങ്ങലാണ്. പ്രത്യേകിച്ച് യുവജനങ്ങളെ ആശ്വസിപ്പിക്കാനും സൗഖ്യമാക്കാനും ക്രിസ്തുവിനാൽ സ്നേഹിക്കപ്പെടാനും, പയൻ 2013-ൽ പ്രസ്താവിച്ചു. ഫ്രാൻസ് ദൈവത്തിനുവേണ്ടി ദാഹിക്കുന്നു; ഈ ദാഹം ശമിപ്പിക്കാനാണ് എന്റെ ജീവിതകാലം മുഴുവൻ സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. എന്ന് അദ്ദേഹം പറഞ്ഞിരുന്നു.

## ക്രിസ്ത്യൻ തത്ത്വ ചിന്തയെക്കുറിച്ചുള്ള സെമിനാർ നടന്നു

**മംഗളൂരു:** അസോസിയേഷൻ ഓഫ് ക്രിസ്ത്യൻ ഫിലോസഫേഴ്സ് ഓഫ് ഇന്ത്യമംഗളൂരു സർവകലാശാലയിലെ ചെയർ ഇൻ ക്രിസ്ത്യാനിറ്റിയുമായി സഹകരിച്ച് ഒക്ടോബർ 19 മുതൽ 21 വരെ 47-ാമത് വാർഷിക ഗവേഷണ സമ്മേളനം നടത്തി. മംഗളൂരുവിലെ ജെപ്പു സെന്റ് ജോസഫ്സ് ഇന്റർഡയോസിസൻ സെമിനാരിയിലാണ് ഇത് നടന്നത്. 'പ്രതീക്ഷയുടെ തീർത്ഥാടകർ' എന്ന വിഷയത്തിൽ ഫ്രാൻസിസ് മാർപാപ്പയുടെ 2025 ജൂബിലി വർഷമായി പ്രഖ്യാപിച്ചതിന്റെ അനുബന്ധിച്ച് 'പ്രതീക്ഷ-ബഹുമുഖ ചക്രവാളങ്ങളിൽ നിന്നുള്ള തത്ത്വചിന്ത' എന്ന വിഷയത്തിലായിരിന്നു ഈ വർഷത്തെ സമ്മേളനം ഊന്നൽ നൽകിയതെന്നു സെന്റ് ജോസഫ് ഇന്റർഡയോസിഷൻ സെമിനാരി റെക്ടർ റൊണാൾഡ് സെറാവോ പറഞ്ഞു. വോട്ടെടുപ്പ് സംഘർഷം, അസഹിഷ്ണുത, പാരിസ്ഥിതിക പ്രതിസന്ധികൾ, മറ്റ് ആഗോള വെല്ലുവിളികൾ എന്നിവയാൽ അടയാളപ്പെടുത്തപ്പെട്ട ഒരു ലോകത്ത്, ഒരു ദാർശനിക ആശയമെന്ന നിലയിൽ പ്രത്യാശയുടെ പ്രതിഫലനങ്ങളെ പ്രചോദിപ്പിക്കുകയാണ് സമ്മേളനം ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. മൂന്ന് ദിവസങ്ങളിലായി 28 പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പ്രത്യാശയുടെ വിവിധ വശങ്ങൾ പര്യവേക്ഷണം ചെയ്യും, സമൂഹത്തിനും ഇന്ത്യയ്ക്കും മെച്ചപ്പെട്ട ഭാവി രൂപപ്പെടുത്തുന്നതിൽ അതിന്റെ പങ്ക്. 1976-ൽ റിച്ചാർഡ് ഡി സ്മെറ്റും ആൽബർട്ട് നമ്പ്യാപറമ്പിലും ചേർന്ന് സ്ഥാപിതമായ എസിപിഐ ഒരു അക്കാദമിക് ബോഡിയായി വളർന്നു, ഇന്ത്യൻ ക്രിസ്ത്യൻ ദാർശനിക ചിന്തയെ പ്രോത്സാഹിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. 1987-ൽ ബിഷപ്പ് ബേസിൽ ഡിസൂസ സ്ഥാപിതമായ മംഗലാപുരം സർവ്വകലാശാലയിലെ ചെയർ ഇൻ ക്രിസ്ത്യാനിറ്റി (സിഐസി) തത്ത്വചിന്ത, ധാർമ്മികത, മതം എന്നിവയിൽ ഇന്റർ ഡിസിപ്ലിനറി പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും സമകാലിക സാമൂഹിക പാരിസ്ഥിതിക വിഷയങ്ങളിൽ ഏർപ്പെടുന്നതിലൂടെയും ഈ ദൗത്യത്തെ പൂർത്തീകരിക്കുന്നു.

## ജയിലിൽ 110 സ്ത്രീകൾ സ്നാനപ്പെട്ടു



**ലാസ് വെഗാസ്:** ഒക്ടോബർ രണ്ടാം വാരാന്ത്യത്തിൽ ലാസ് വെഗാസിലെ അതിസുരക്ഷാ ജയിലിനുള്ളിൽ കുറ്റവാളികളായ 110 വനിതകൾ സ്നാനപെട്ടതായി സിബിഎൻ ന്യൂസ് റിപ്പോർട്ട് ചെയ്തു. ദൈവവിശ്വാസം വളർത്തിയെടുക്കൽ പരിപാടികളിലൂടെ അന്തേവാസികളുടെ ജീവിതം പുനഃസ്ഥാപിക്കാൻ പ്രവർത്തിക്കുന്ന ഒരു മന്ത്രാലയമാണ് ഗോഡ് ബിഹൈൻഡ് ബാർസ്. ലാസ് വെഗാസിലെ അതിസുരക്ഷാ ജയിലിൽ തടവിലാക്കപ്പെട്ട 160 സ്ത്രീകളുമായി സുവിശേഷ സന്ദേശം പങ്കുവെച്ചതായും അനേകർക്ക് പരിശുദ്ധാത്മാവുമായി വിവരണാതീതമായ അനുഭവം ഉണ്ടായതായി മന്ത്രാലയം റിപ്പോർട്ട് ചെയ്യുന്നു. ഞങ്ങൾ കണ്ടിട്ടില്ലാത്ത വിധം പരിശുദ്ധാത്മാവ് ഈ ജിമ്മിൽ വീണു! അവരിൽ 120 പേർ യേശുവിനായ് ജീവിധം സമർപ്പിക്കുകയും 110 വനിതകൾ സ്നാനപ്പെടുകയും ചെയ്തു. ജയിലുകളിലുള്ള 2.3 ദശലക്ഷത്തിലധികം ആളുകൾക്ക് സുവിശഷം എത്തിക്കാനുള്ള ദൗത്യത്തിലാണ് മന്ത്രാലയം. ഞങ്ങൾ ഏകദേശം 1,000,000 പേരുടെ മനസാന്തരത്തിനു സാക്ഷ്യം വഹിച്ചു. 'ഗോഡ് ബിഹൈൻഡ് ബാർസ് സിഇഒ ജേക്ക് ബോഡിൻ അടുത്തിടെ ഒരു ഓൺലൈൻ വീഡിയോയിൽ ഇതു പങ്കുവച്ചു.

## സാങ്കേതിക പരിവർത്തനം മതസ്വാതന്ത്ര്യത്തിന്റെ വെല്ലുവിളിയോ?

**ദേശീയം:** ഭൂമിയിലെ ഏറ്റവും ജനസംഖ്യയുള്ള രാഷ്ട്രമായ ഇന്ത്യ, അതിന്റെ സമ്പന്നമായ വൈവിധ്യത്തിനും സ്വാതന്ത്ര്യാനന്തരമുള്ള മതേതര ജനാധിപത്യത്തിന്റെ ആശ്ലേഷത്തിനും പേരുകേട്ടതാണ്. വമ്പിച്ച വിഭവങ്ങളുള്ള ഒരു യുവരാഷ്ട്രം, ഇന്ന് രാജ്യം അതിനെ പരിവർത്തനം ചെയ്യാൻ ലക്ഷ്യമിടുന്ന ആഴത്തിലുള്ള മാറ്റത്തിന്റെ ഒരു വഴിത്തിരിവിലാണ്. ഈ പരിവർത്തനത്തിന് പിന്നിലെ പ്രധാന പ്രേരകശക്തിയായി സാങ്കേതികവിദ്യ മാറിയിരിക്കുന്നു. സാമ്പത്തിക വളർച്ചയും നവീകരണവും അഭൂതപൂർവമായ കണക്റ്റിവിറ്റിയും പ്രോത്സാഹിപ്പിക്കുന്നു. എന്നിട്ടും, ഇതേ ഡിജിറ്റൽ വിപ്ലവം, മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട വർദ്ധിച്ചുവരുന്ന വെല്ലുവിളികൾ ഉൾപ്പെടെയുള്ള പുതിയ സങ്കീർണ്ണതകളും അനാവരണം ചെയ്യുന്നു.

ദശലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ് സന്ദേശമയയ്ക്കൽ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ, മറ്റ് ഓൺലൈൻ ആശയവിനിമയങ്ങൾ. എന്നിരുന്നാലും, എല്ലാ പുതുമകളേയും പോലെ, സാങ്കേതികവിദ്യയുടെ വ്യാപകമായ സ്വീകാര്യതയ്ക്കും ഒരു ഇരട്ടത്താപ്പുണ്ട്. ചില സന്ദർഭങ്ങളിൽ സുവിശേഷകരെ സംബന്ധിച്ച തെറ്റായ വിവരങ്ങൾ വേഗത്തിൽ പ്രചരിക്കുന്നതോടെ അത് മതസ്വാതന്ത്ര്യത്തിനു വെല്ലുവിളി ഉയർത്തുന്നതായി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന പ്രസിദ്ധീകരണമായ റെസ്റ്റ് ഓഫ് വേൾഡ് നടത്തിയ ഒരു റിപ്പോർട്ട് വെളിപ്പെടുത്തുന്നു. മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടവ ഉൾപ്പെടെയുള്ള സാമൂഹിക സംഘർഷങ്ങളിൽ സാങ്കേതികവിദ്യ അപ്രതീക്ഷിതമായ പങ്ക് വഹിക്കുന്നത് കാണാതിരിക്കരുത്.

## മതപരിവർത്തന പരിപാടികളുടെ പേരിൽ ക്രിക്കറ്റ് താരത്തിന്റെ അംഗത്വം റദ്ദാക്കി



**മുംബൈ:** മുംബൈയിലെ ഏറ്റവും പഴയ ക്രിക്കറ്റ് ക്ലബ്ബായ ഖാർ ജിംഖാനയിലെ അംഗമാണ് ഇന്ത്യൻ വനിതാ ക്രിക്കറ്റ് താരം ജെമിമ റോഡ്രിഗസ്. താരത്തിന്റെ പിതാവ് ക്ലബ്ബ് പരിസരത്ത് അനധികൃത മതപരമായ പ്രവർത്തനങ്ങൾ നടത്തിയെന്ന ആരോപണത്തെത്തുടർന്ന് ഓണററി അംഗത്വം റദ്ദാക്കി. 2024 ഒക്ടോബർ 20-ന് നടന്ന ക്ലബ്ബിന്റെ വാർഷിക ജനറൽ ബോഡി മീറ്റിംഗിൽ, റോഡ്രിഗസിന്റെ പിതാവ് സംഘടിപ്പിച്ച പരിപാടികളെക്കുറിച്ച് അംഗങ്ങൾ ആശങ്ക പ്രകടിപ്പിച്ചതിനെത്തുടർന്ന്, മതപരിവർത്തനത്തിന് സൗകര്യമൊരുക്കിയതായി കണ്ടെത്തി. ഖാർ ജിംഖാന പ്രസിഡന്റ് വിവേക് ??ദേവ്നാനിയാണ് നടപടി സ്ഥിരീകരിച്ചത്. "പൊതുയോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ പാസാക്കിയ പ്രമേയത്തിന് അനുസൃതമായി ശ്രീമതി ജെമിമ റോഡ്രിഗസിന് നൽകിയ ഓണററി മൂന്ന് വർഷത്തെ അംഗത്വം റദ്ദാക്കി.'' ബ്രദർ മാനുവൽ മിനിസ്ട്രീസിന്റെ ബാനറിൽ ജെമിമയുടെ പിതാവ് ഇവാൻ റോഡ്രിഗസ് 18 മാസത്തിനിടെ ക്ലബ്ബിന്റെ പ്രസിഡൻഷ്യൽ ഹാളിൽ നടത്തിയ ഏകദേശം 35 പരിപാടികളാണ് വിവാദത്തിന്റെ കേന്ദ്രബിന്ദു. മാനേജിംഗ് കമ്മിറ്റി അംഗമായ ശിവ് മൽഹോത്ര മാധ്യമങ്ങളോട് പറഞ്ഞു: ജെമിമ റോഡ്രിഗസിന്റെ പിതാവ് ബ്രദർ മാനുവൽ മിനിസ്ട്രീസ് എന്ന സംഘടനയുമായി ബന്ധപ്പെട്ടിരുന്നതായി ഞങ്ങൾ മനസ്സിലാക്കി. അവർ ഒന്നര വർഷത്തോളം പ്രസിഡൻഷ്യൽ ഹാൾ ബുക്ക് ചെയ്യുകയും 35 പരിപാടികൾ നടത്തുകയും ചെയ്തു. അവിടെ എന്താണ് സംഭവിക്കുന്നതെന്ന് ഞങ്ങൾക്കെല്ലാം അറിയാം. ഈ ഒത്തുചേരലുകളുടെ സ്വഭാവം മൽഹോത്ര കൂടുതൽ വിശദമായി പറഞ്ഞു: രാജ്യത്തുടനീളം മതപരിവർത്തനങ്ങളെക്കുറിച്ച് ഞങ്ങൾ കേൾക്കുന്നു, പക്ഷേ അത് ഞങ്ങളുടെ മൂക്കിന് താഴെയാണ് നടക്കുന്നത് അനുവദിക്കാൻ കഴിയില്ല. ഖാർ ജിംഖാനയുടെ ഭരണഘടനയുടെ റൂൾ 4 എ പ്രകാരം, മതപരമായ ഒരു പ്രവർത്തനവും അനുവദിക്കുന്നില്ല എന്നും അദ്ദേഹം കൂടി ചേർത്തു.

## മിസോറാമിലെ സഭകളുടെ ചരിത്രപരമായ ഐക്യം

**ഐസ്വാൾ:** സംസ്ഥാനത്തിലെ 130 വർഷത്തെ സഭാ ചരിത്രത്തിൽ ആദ്യമായി വിവിധ സഭകളുടെ ഐക്യവേദി രൂപപെടുന്നുന്നു. ഒരു പയനിയറിംഗ് സംരംഭമായ് മിസോറാമിലെ കൗൺസിൽ ഓഫ് ചർച്ചസ് (സിസിഎം) സ്ഥാപിക്കുന്നതിന് മിസോറാം സാക്ഷ്യം വഹിച്ചു. ജനസംഖ്യയുടെ 87 ശതമാനവും ക്രിസ്ത്യാനികലുള്ള സംസ്ഥാനത്തു, ഒക്ടോബർ 27 ന് ഐസ്വാളിൽ ആരംഭിച്ച സി സി എം ഒരു സുപ്രധാന നാഴികക്കല്ലാണ്തി. മിസോറാം പ്രെസ്ബിറ്റീരിയൻ ചർച്ച് (എംപിസി), ബാപ്റ്റിസ്റ്റ് ചർച്ച് ഓഫ് മിസോറം (ബിസിഎം), ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് മാറലാൻഡ് എന്നിവയുൾപ്പെടെ ഒമ്പത് പ്രധാന സഭകൾ ഈ പുതിയ അപെക്സ് ബോഡിക്ക് കീഴിൽ ഒന്നിച്ചു. മിഷൻ വെങ് ലോക്കാലിറ്റിയിലെ പ്രെസ്ബിറ്റേറിയൻ പള്ളിയിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി ലാൽദുഹോമയും സോറം പീപ്പിൾസ് മൂവ്മെന്റ്, എംഎൻഎഫ്, കോൺഗ്രസ്, ബിജെപി തുടങ്ങിയ വിവിധ പാർട്ടികളിലെ നിയമസഭാംഗങ്ങളും ഉൾപ്പെടെയുള്ള പ്രമുഖ രാഷ്ട്രീയ നേതാക്കളും പങ്കെടുത്തു. ബിസിനസ് സെഷനിൽ, വിവിധ സഭകളിൽ നിന്നുള്ള 500-ലധികം പ്രതിനിധികൾ സുപ്രധാന തീരുമാനങ്ങൾ എടുക്കുകയും കൗൺസിലിന്റെ ഭരണഘടന അംഗീകരിക്കുകയും ഏഴ് ഭാരവാഹികളുടെ നിയമനത്തിന് അംഗീകാരം നൽകുകയും ചെയ്തു. സംഘടനയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനായി 3.24 ദശലക്ഷം രൂപയുടെ ഇടക്കാല ബജറ്റും അവർ പാസാക്കി. ബാപ്റ്റിസ്റ്റ് ചർച്ച് ഓഫ് മിസോറമിന്റെ ജനറൽ സെക്രട്ടറി റവ. ഡോ. ആർ ലാൽബിക്ലിയാനയെ കൗൺസിലിന്റെ പ്രസിഡന്റായി തിരഞ്ഞെടുത്തു, പ്രെസ്ബിറ്റീരിയൻ ചർച്ചിൽ നിന്നുള്ള റവ. ഡോ. ലാൽമംഗൈഹയെ ജനറൽ സെക്രട്ടറിയായി നിയമിച്ചു. ഐസ്വാളിലെ സിനഡ് കൺവെൻഷൻ സെന്ററിലാണ് താൽക്കാലിക ഓഫീസ് പ്രവർത്തിക്കുക. കൗൺസിൽ സഭയെ മിസോറാമിൽ ഒരുമിച്ച് കൊണ്ടുവരും. മിസോറാമിലെ വൈവിധ്യമാർന്ന സഭകൾക്കിടയിൽ ഐക്യം പ്രോത്സാഹിപ്പിക്കുക, സാമൂഹിക പരിഷ്കരണത്തിന് സംഭാവന ചെയ്യുക, നല്ല ഭരണത്തെ പിന്തുണയ്ക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യമിടുന്നത്. സഭാ പാരമ്പര്യങ്ങളിലും സിദ്ധാന്തങ്ങളിലുമുള്ള വ്യത്യാസങ്ങൾ വഴിതടയുകളായി മാറാതിരിക്കാൻ പൊതുവായ പ്രശ്നങ്ങൾ പര്യവേക്ഷണം ചെയ്തുകൊണ്ട് ഭിന്നതകൾ പരിഹരിക്കാനാണ് കൗൺസിൽ ശ്രമിക്കുന്നതെന്ന് ലാൽബിക്ലിയാന വിശദീകരിച്ചു. സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിയുള്ള ഐക്യത്തിന് പകരം പ്രശ്നാധിഷ്ഠിത ഐക്യമാണ് കൗൺസിൽ ഉദ്ദേശിക്കുന്നത്.

**DISCLAIMER**
This newspaper is committed to Christian values and aims to provide faith-based news and insights. The opinions expressed in articles and editorials are those of the authors and do not necessarily reflect the views of the publication. While we strive for accuracy, readers are encouraged to verify information and seek biblical discernment. All content is for informational purposes only.

The Soul Winner
P. O. Box - 597232, Chicago IL, 60659, USA
Email: editor.swi@gmail.com
Phone: -91 479 235676, +91 9981571723

THE SOUL WINNER

VOL 13 • ISSUE 3 NOV 2024

# പാസ്റ്ററെയും കുടുംബത്തയും ചുട്ടു കൊന്നു



**നെയ്റോബി, കെനിയ:** മൂന്ന് മുസ്ലിംകളെ ക്രിസ്തു വിശ്വാസത്തിലേക്ക് നയിച്ചതിന് കിഴക്കൻ ഉഗാണ്ടയിലെ ഇസ്ലാമിക ഗ്രാമവാസികൾ ഒരു പാസ്റ്ററെയും കുടുംബത്തെയും ചുട്ടെരിച്ചു. പാസ്റ്റർ വീരെ മുകിസ, അദ്ദേഹത്തിന്റെ 25 വയസ്സുള്ള ഭാര്യ ആനെറ്റ് നമുഗയ, അവരുടെ രണ്ട് പെൺമക്കളായ 7 വയസ്സുള്ള ജൂഡിത്ത് ബനിയേ, 4 വയസ്സുള്ള സിൽവിയ ബമുകിസ എന്നിവരെയാണ് പുലർച്ചെ 3 മണിക്ക് വീടിന് തീയിട്ടപ്പോൾ കൊലപ്പെടുത്തിയത്. നമുതുംബ ജില്ലയിലെ ബുലാഞ്ച് സബ് കൗണ്ടിയിലെ എംപുമിറോ പാരിഷിലെ കിബാലെ ഗ്രാമത്തിലാണ് ദാരുണമായ സംഭവം നടന്നത്. സെപ്റ്റംബറിലായിരുന്നു പാസ്റ്റർ മുക്കിസയുടെ ശുശ്രുഷയിൽ മൂന്ന് മുസ്ലീം യുവാക്കൾ ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്തത്. ഇതിൽ പ്രകോപിതരായ പ്രദേശവാസികൾ അവരുമായി സമ്പർക്കം പുലർത്തുന്നത് അവസാനിപ്പിക്കണമെന്നും അല്ലാത്ത പക്ഷം പരിണിതഫലം അനുഭവിക്കേണ്ടി വരുമെന്ന് ഭീക്ഷണിപ്പെടുത്തിയിരുന്നതായും പാസ്റ്ററുടെ സഹോദരൻ വെളിപ്പെടുത്തി. വീട്ടിൽ നിന്ന് തീയും പുകയും ഉയരുന്നത് കണ്ട് ഓടിയെത്തിയപ്പോൾ അഞ്ച് മൃതദേഹങ്ങൾ തിരിച്ചറിയാൻ കഴിയാത്തവിധം കത്തിക്കരിഞ്ഞതായും തുസുബിര പാസ്റ്ററുടെ സഹോദരൻ പറഞ്ഞു.

# ബൈബിൾ തിരുത്തിയെഴുതണം: പ്രൊഫസർ യുവാൽ നോഹ ഹരാരി

**യെരുശലേം:** ബൈബിൾ തിരുത്തിയെഴുതണം എന്ന് ആവർത്തിച്ചു യെരുശലേമിലെ ഹീബ്രു സർവകലാശാലയിലെ ചരിത്ര വിഭാഗത്തിലെ അദ്ധ്യാപകനും ഗ്രന്ഥകാരനുമായ പ്രൊഫസർ യുവാൽ നോഹ ഹരാരി. ബൈബിളിൽ 'ധാർമ്മിക തെറ്റുകൾ' ഉണ്ടെന്നും അത് തിരുത്തിയെഴുതണം എന്നുമാണ് അദ്ദേഹം പറയുന്നത്. യെരുശലേമിലെ ഹീബ്രു സർവകലാശാലയിലെ ചരിത്ര വിഭാഗത്തിലെ അദ്ധ്യാപകനും സാപിയൻസ്: എ ബ്രീഫ് ഹിസ്റ്ററി ഓഫ് ഹ്യൂമൻകൈൻഡ്, ഹോമോ ഡ്യൂസ്: എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടുമാറോ എന്നിവയുൾപ്പെടെ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന പുസ്തകങ്ങളുടെ രചയിതാവുമാണ് യുവാൽ നോഹ ഹരാരി.

ബൈബിളിന്റെ കാനോനൈസേഷൻ പ്രക്രിയ കൂടാതെ ബൈബിളിന് ഒരു തിരുത്തിയെഴുത്ത് ആവശ്യമുണ്ട് എന്ന് നിർദ്ദേശിക്കുന്നു. ഒക്ടോബർ മാസമാദ്യം ദി ഗ്ലോബ് ആൻഡ് മെയിലിന് നൽകിയ അഭിമുഖത്തിൽ, 48 കാരനായ ഹരാരി, ബൈബിളിന്റെ വിശുദ്ധവൽക്കരണ പ്രക്രിയയ്ക്കായി നെക്സസ്, ഇൻഫർമേഷൻ നെറ്റ്‌വർക്കുകളുടെ സംക്ഷിപ്ത ചരിത്രം എന്ന ഒരു അദ്ധ്യായം മുഴുവൻ നീക്കിവച്ചത് എന്തുകൊണ്ടാണെന്ന് വിശദീകരിച്ചു. മനുഷ്യചരിത്രത്തിൽ ഉടനീളം കാലത്തിനും സംസ്കാരത്തിനുമിടയിലുള്ള ആശയങ്ങളുടെ കൈമാറ്റം പരിശോധിക്കുന്ന പശ്ചാത്തലത്തിൽ, ഗ്ലോബ് റിപ്പോർട്ട് ചെയ്യുന്നതുപോലെ, ഒരു കാനോനികത്തിന്റെ ആവിർഭാവത്തോടെ അവസാനിച്ച ഒരു നീണ്ട കാലയളവിൽ ഒന്നിച്ചു ചേർന്ന ഒരു രേഖയായി നെക്സസ് ബൈബിളിനെക്കുറിച്ച് സംശയം ഉന്നയിക്കുന്നു. ബൈബിളിനെ വിശുദ്ധീകരിക്കുന്ന പ്രക്രിയയെക്കുറിച്ച് പുസ്ത



കത്തിൽ ഒരു അധ്യായമുണ്ട്, ഹരാരി ഔട്ട്ലെറ്റിനോട് പറഞ്ഞു. ...ഞങ്ങൾക്ക് രണ്ടും മൂന്നും നാലും നൂറ്റാണ്ടുകളിൽ നിന്നുള്ള പൊതുയുഗം ഗ്രന്ഥങ്ങളുണ്ട്. ഔട്ട്ലെറ്റ് അനുസരിച്ച്, നാലാം നൂറ്റാണ്ടിന്റെ അവസാനം വരെ ഹിപ്പോയിലെയും കാർത്തേജിലെയും കൗൺസിലുകൾ ഉപയോഗിച്ച് ബൈബിൾ കാനോൻ നിർണ്ണയിക്കപ്പെട്ടിട്ടില്ലെന്ന് പുസ്തകം വാദിക്കുന്നു. പ്രിൻസ്റ്റൺ തിയോളജിക്കൽ സെമിനാരിയിലെ പുതിയ നിയമത്തിന്റെ മുൻ പ്രൊഫസറായ ബ്രൂസ് എം. മെറ്റ്സ്ഗർ, ജവ.ഉ., പോലുള്ള ദൈവശാസ്ത്രജ്ഞർ ഇത്തരം വാദങ്ങളെ നിരാകരിക്കുകയും ഔദ്യോഗിക സിനഡ് തീരുമാനങ്ങൾ ഇതിനകം വിശുദ്ധ റിട്ടായി കണക്കാക്കപ്പെട്ടിരുന്നതിന്റെ അംഗീകാരം മാത്രമാണെന്ന് പറഞ്ഞു. നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ, സഭാ സിനഡുകളും കൗൺസിലുകളും പുതിയനിയമ കാനോനിനെക്കുറിച്ച് പ്രഖ്യാപനങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങിയപ്പോൾ, അവർ സഭയിലുടനീളമുള്ള വ്യക്തിഗത ക്രിസ്ത്യാനികളുടെ ന്യായവിധി അംഗീകരിക്കുക മാത്രമാണ് ചെയ്തത്, അവർ അവബോധപരമായ ഉൾക്കാഴ്ചയാൽ മനസ്സിലാക്കാൻ കഴിഞ്ഞു.

# സിംഗപ്പൂരിൽ മിഷൻ കൺസൾട്ടേഷന്റെ ആഘോഷം



**സിംഗപ്പൂർ:** അമേരിക്കൻ, ബ്രിട്ടീഷ്, ഓസ്ട്രേലിയൻ ആംഗ്ലിക്കൻ ഗ്രൂപ്പുകളുടെ ആഘോഷ പരിപാടികൾ നടന്നു. തെക്കുകിഴക്കൻ ഏഷ്യയിൽ ശുശ്രൂഷ ചെയ്യുന്ന പങ്കാളികളും, വളർന്നു വരുന്ന ആംഗ്ലിക്കൻ സഭകളുടെ അര ഡസൻ രാജ്യങ്ങളിൽ നിന്നുള്ള പുരോഹിതന്മാരും ഡീൻമാരും ഉൾപ്പെടെ നിർവധി പേർ പങ്കെടുത്തു. ഭാവി രൂപതകൾ സ്ഥാപിക്കുക എന്ന വിഷയത്തെ അടിസ്ഥാനമാക്കി, സിംഗപ്പൂർ രൂപതയുടെ നേതൃത്വത്തിൽ ഒക്ടോബർ 22–25 തീയതികളിൽ ആണ് സമ്മേളനം നടന്നത്. തായ്‌ലൻഡിലെ ബാങ്കോക്കിൽ നടന്ന മിഷൻ കൺസൾട്ടേഷൻ റൗണ്ട് ടേബിൾ, ചരിത്രപരമായി വിരളവും എന്നാൽ ക്രമാനുഗതമായി വളരുന്ന ആംഗ്ലിക്കൻ സാന്നിധ്യവുമുള്ള ഒരു പ്രദേശത്തെ ആംഗ്ലിക്കൻ മന്ത്രാലയങ്ങൾക്ക് പിന്തുണ ഏകോപിപ്പിക്കാൻ ലക്ഷ്യമിടുന്നു. മുമ്പ് പ്രവാസി ചാപ്ലിയൻസികളായിരുന്നതോ അടുത്തിടെ നിലവിൽ വന്നതോ ആയ പള്ളികൾ ഇപ്പോൾ പ്രധാനമായും പ്രാദേശിക ജനങ്ങളിലൂടെയാണ് ശുശ്രൂഷ ചെയ്യുന്നത്. ആംഗ്ലിക്കൻ കമ്മ്യൂണിയനിലെ ഏറ്റവും ഭൂമിശാസ്ത്രപരമായി വിസ്തൃതമായ പള്ളികളിൽ, തെക്കുകിഴക്കൻ ഏഷ്യയിലെ പ്രവിശ്യ നേപ്പാൾ മുതൽ ഇന്തോനേഷ്യ വരെ വ്യാപിച്ചു കിടക്കുന്നു, ഏകദേശം 497 ദശലക്ഷം ജനസംഖ്യയ്ക്കിടയിൽ ശുശ്രൂഷകരും. ഇന്തോനേഷ്യ, തായ്‌ലൻഡ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, നേപ്പാൾ എന്നിവയുൾപ്പെടെ സിംഗപ്പൂർ രൂപതയുടെ മേൽനോട്ടത്തിലുള്ള ആറ് മിഷൻ ഡീനറികളിലെ ശുശ്രൂഷയ്ക്കൊപ്പം മലേഷ്യയിലും സിംഗപ്പൂരിലും സ്ഥിതിചെയ്യുന്ന നാല് രൂപതകളും ഇതിൽ ഉൾപ്പെടുന്നു. തിമോർ-ലെസ്റ്റെയിലെ ഏഴാമത്തെ ഡീനറി നവംബറിൽ രൂപതയിൽ പ്രവേശിക്കും. നേപ്പാൾ ഒഴികെയുള്ള ഈ മഠാധിപതികളൊന്നും വലിയവരല്ലെങ്കിലും, അവർ മൊത്തം 167 വ്യത്യസ്ത പ്രാദേശിക പള്ളികളും 16,899 മാമോദീസ സ്വീകരിച്ച അംഗങ്ങളും, പ്രത്യേകിച്ച് ബ്രിട്ടീഷ് കോമൺവെൽത്തിന് പുറത്തുള്ള സ്ഥലങ്ങളിലാണ്. പ്രത്യേകിച്ച് നേപ്പാളിൽ 1999 വരെ പ്രാദേശിക ആംഗ്ലിക്കൻമാർ ഉണ്ടായിരുന്നില്ല.

# അഫ്ഗാനിൽ കണ്ടെടുത്ത ഹീബ്രു പുസ്തകം പ്രദർശനത്തിന്



**അഫ്ഗാനിസ്ഥൻ:** 1997-ൽ വംശീയ ന്യൂന വിഭാഗത്തിൽപ്പെട്ട ഹസാരെ സമുദായത്തിലെ ഒരു മനുഷ്യനാണ് ഈ അമൂല്യ പുസ്തകം ഒരു ഗുഹയിൽ നിന്നും ലഭിച്ചത്. 2001 വരെ പുസ്തകം അവർ തന്നെ സംരകിഷിച്ചുവെങ്കിലും 2013 -ൽ ഹോബിലോബി ശൃംഖല പുസ്തകം വാങ്ങി. എന്നാൽ പുസ്തകത്തിന്റെ ഉള്ളടക്കം മനസിലാക്കി 2015 - ൽ അവർ പുസ്തകം മ്യൂസിയത്തിന് കൈമാറി. 1300 വർഷം പഴക്കമുള്ള അഫ്ഗാൻ ആരാധന ക്രമം എന്നറിയപ്പെടുന്ന പുസ്തകം പുരാതന സിൽക്ക് റോഡ് വ്യാപാര റൂട്ടിലെ ആവശിഷ്ടമായ ഗുഹയിൽ നിന്നുമാണ് കണ്ടെത്തിയത്. പുസ്തകത്തിൽ ബൈബിളിലെ പഴയനിയമത്തിലെ പ്രാർത്ഥനകളും, കവിതകളുംഉദ്ധരിച്ചിട്ടുണ്ട്. പെസഹാ സമയത്ത് സെഡറിൽ പ്രയാണം ചെയ്ത ഹഗ്ഗദായുടെ ഏറ്റവും പഴക്കം ചെന്ന പതിപ്പാണ്. പ്രദർശനം 2025 വരെ തുടരും. ഉ എസിലെ വാഷിങ്ടൺ ബൈബിൾ മ്യൂസിയത്തിലാണ് പ്രദർശനം.

# ക്രിസ്ത്യൻ വക്താവ് ഗ്രേഷ്യ പെല്ലോ മോചിതനായി

**ഇന്തോനേഷ്യ:** മത നിന്ദ ആരോപിച്ചു ജയിലിലായിരുന്ന ക്രിസ്ത്യൻ വക്താവ് ഗ്രേഷ്യ പെല്ലോ ആറ് മാസത്തെ ജയിൽ വാസത്തിനു ശേഷം മോചിതനായി. മത നിന്ദയ്ക്ക് കാരണമായി ചുമത്തിയ കുറ്റം വളരെ വിചിത്രവും ക്രൈസ്തവ വിരോധത്തിന്റെ തീവ്രത വക്തമാക്കുന്നതുമാണ്. കോപ്റ്റിക് ഓർത്തഡോക്സ് ക്രിസ്ത്യാനിയും കിഴക്കൻ ജാവയിലെ ഒരു ചെറിയ ക്രിസ്ത്യൻ ദൈവശാസ്ത്ര സ്കൂളിലെ പ്രൊഫസറുമായ പെല്ലോ, ക്രിസ്തുമതത്തെയും ഇസ്ലാമിനെയും താരതമ്യം ചെയ്യുന്ന ഓൺലൈൻ സംവാദങ്ങൾക്ക് പേരുകേട്ടതാണ്, അവയ്ക്ക് കാര്യമായ അനുയായികളെ ഉണ്ട്. ക്രിസ്തുവിനെയും ക്രിസ്ത്യാനിറ്റിക്കുമെതിരെയുള്ള മുസ്ലീങ്ങളുടെ പ്രതികരണങ്ങൾക്കുള്ള മറുപടി വിഡിയോയാണ് മുസ്ലിം മതനിന്ദ കുറ്റം ആരോപിച്ചു അദ്ദേഹത്തെ ജയിലിലടച്ചത്. മതസ്വാതന്ത്ര്യത്തിന് ഇന്തോനേഷ്യയുടെ ഭരണഘടനാപരമായ ഊന്നൽ ഉണ്ടായിരുന്നിട്ടും, ലോകത്തിലെ ഏറ്റവും വലിയ മുസ്ലീം ജനസംഖ്യയുള്ള ഈ ഏഷ്യൻ ദ്വീപസമൂഹത്തിൽ ക്രിസ്ത്യാനികൾ പലപ്പോഴും പീഡനം നേരിടുന്നു. 20.4 ദശലക്ഷം പ്രൊട്ടസ്റ്റന്റുകളും 8.42 ദശലക്ഷം കത്തോലിക്കരും ഉള്ള രാജ്യം, ഓപ്പൺ ഡോർസിന്റെ 2023 വേൾഡ് വാച്ച് ലിസ്റ്റിൽ ക്രിസ്ത്യാനികൾക്ക് ഏറ്റവും ബുദ്ധിമുട്ടുള്ള 33-ാം സ്ഥാനത്താണ്.

# എഴുത്തുകാർ ദൈവത്തിന്റെ തൂലിക: ഡോ. രവി മണി



**ബാംഗ്ലൂർ:** ക്രിസ്തീയ സഭകൾക്കെതിരെ ഉയരുന്ന വിമർശനങ്ങൾക്കും, അനാവശ്യ ദുർപ്രചരണങ്ങൾക്കും എതിരെ ക്രിസ്തീയ എഴുത്തുകാർ അതെനിലയിൽ പ്രതികരിക്കാത്തത്, ക്രിസ്തീയ എഴുത്തുകാർ ദൈവത്തിന്റെ തൂലികയാണെന്ന ബോധ്യത്തിൽ നിന്നുമാണന്നു റവ ഡോ രവി മാണി പറഞ്ഞു. ബാംഗ്ലൂർ ക്രിസ്ത്യൻ പ്രസ് അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തിയ മാധ്യമ സെമിനാർ ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു. ബി സി പി എ രക്ഷാധികാരി പാസ്റ്റർ ജോസ് ആദ്യക്ഷനായിരുന്നു.

# സുവിശേഷം പറയുന്ന വനിതാ ഓട്ടോ ഡ്രൈവർ



**തമിഴ്നാട്:** സമൂഹത്തിലെ നാനാതുറകളിൽ നിന്നുമുള്ള ധാരാളം വാർത്തകൾ വൈറലാകുന്നത് പതിവ് കാഴ്ചയാണ്. അതിൽ പകുതിയും സൃഷ്ടിക്കപ്പെടുന്ന വാർത്തകളാണ്. ഇതിനിടയിൽ പൊതുസമൂഹത്തിൽ വളരെ വാർത്തയായ ഒരു വാർത്ത പങ്കുവെക്കുകയാണ്. തമിഴ്നാട്ടിൽ നിന്നുമാണ് ആ വാർത്ത. ഓട്ടോറിക്ഷാത്തൊഴിലാളിയായ ഒരു മധ്യവയസ്കയായ ഒരു സ്ത്രീ തന്റെ ജോലിക്കിടയിൽ വാഹനത്തിനു അരികിൽ യൂണിഫോമിൽ നിന്ന് കൊണ്ട് സുവിശേഷം പങ്കുവയ്ക്കുന്ന വിഡിയോയും വാർത്തയും. വെള്ളശിരോവസ്ത്രം ധരിച്ചു കയ്യിൽ ബൈബിൾ പിടിച്ചു ചെറിയ ഉച്ചഭാഷിണിയിൽ ഉച്ചത്തിൽ, ഭയമോ, ശങ്കയോ, ലജ്ജയോ കൂടാതെ സുവിശേഷം പറയുന്നത് ഏതൊരു സുവിശേഷകനും അഭിമാനവും പ്രചോദനവും നൽകുന്ന കാഴ്ചയാണ്. ഈ വീഡിയോ പങ്ക് വച്ചിരിക്കുന്നത് ആരോൺ മുരുകൻ എന്ന മറ്റൊരു സുവിശകനാണ്.

# 19-മത് പിഎംജി കൺവൻഷൻ

പാളയം: കേരളത്തിലെ അറിയപ്പെടുന്ന പെന്തകോസ്ത് സഭയായ പെന്തക്കോസ്തൽ മാറാനാഥാ ഗോസ്പൽ ചർച്ചിന്റെ 19 -മത് ജനറൽ കൺവൻഷൻ ഡിസംബറിൽ നടക്കും. തിരുവനന്തപുരത്ത്, പാളയത്തുള്ള സഭാ ആസ്ഥാനത്ത് വച്ച് ഡിസംബർ 23 മുതൽ 26 വരെയുള്ള തീയതികളിലാണ് നടക്കുക. കേരളത്തിലുടനീളം സഭകളുള്ള പ്രസ്ഥാനത്തിന്റെ എല്ലാ പ്രാദേശിക സഭകളും വളരെ നന്നായി പ്രവർത്തിക്കുന്നതാണ്. പാസ്റ്റർ എം എ വർഗ്ഗീസ് ഉത്ഘാടനം ചെയ്യുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ ജോ ജോസഫ്, ഡെനിഷ് രാജു, എം എ ജോൺ, തോമസ് വർഗ്ഗീസ് ജി ജെ അലക്സാണ്ടർ എന്നിവർ ദൈവവചനത്തിൽ നിന്നും പ്രസംഗിക്കും. പി എം ജി മ്യൂസിക് ഗാനശ്രുശ്രൂഷകൾക്കു നേതൃത്വം നൽകും. കൺവൻഷന്റെ നടത്തിപ്പിനായി വിവിധ കമ്മറ്റികളും പ്രവർത്തിക്കുന്നു.

# പാസ്റ്റർമാർക്കെതിരെ തെറ്റായ വാർത്തകൾ പ്രചരിപ്പിക്കപ്പെടുന്നതിൽ ആശങ്ക

തിരുവനന്തപുരം: ആശങ്ക പടർത്തികൊണ്ടു ഓരോ ദിവസവും നൂറുകണക്കിന് വാർത്തകൾ പുറത്തുവരുന്നു. അതിൽ പലവർത്തകളിലും പാസ്റ്റർമാർ കുറ്റക്കാരാണന്ന വാർത്തകൾ പലപ്പോഴും തെറ്റുധരിക്കപ്പെടുന്നു.പെന്തകൊസ്തു സഭകളിലെ പുരോഹിതരെ പാസ്റ്റർ എന്നാണ് അറിയപ്പെടുന്നത്. എന്നാൽ മറ്റു പേരുകളിൽ അറിയപ്പെടുന്ന ഇതര ക്രിസ്തീയ പുരോഹിതർ ഏർപ്പെടുന്ന കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ അത് പാസ്റ്റർമാർ എന്ന് വാർത്തകൾ ബോധപൂർവം പ്രചരിക്കപ്പെടുന്നതായി സംശയിക്കുന്നു. ചില കുറ്റവാളികൾ പാസ്റ്റർമാരുടെ പേരിൽ തന്നെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതും പതിവ് സംഭവമാണ്. അത് വ്യാജൻ ആണന്നു തിരിച്ചറിയുമ്പോൾ ആ വാർത്ത തിരുതാത്തത് പാസ്റ്റർമാരെ സമൂഹത്തിൽ അപകീർത്തിപ്പെടുത്തുന്ന ഒന്നാണ്.